പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2016 സെപ്റ്റംബർ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

( ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *1

രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ദേശീയ ക്രൈം റേക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ

*1 ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന് മൂന്നാം

സ്ഥാനമാണെന്ന ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കണ്ടെത്തലിലേക്ക് നയിച്ച വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സാക്ഷര കേരളത്തിന് അപമാനമായ ഈ സ്ഥിതിവിശേഷത്തിൽ നിന്നും മോചനം നേടാൻ വേണ്ട അടിയന്തരനടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് പരാമർശിക്കപ്പെട്ടതായി കാണുന്നില്ല.

(സി) എൻ.സി.ആർ.ബി.യുടെ Crime in India റിപ്പോർട്ട് പ്രകാരം 2014-ൽ ഇന്ത്യയിലാകെ 29 സംസ്ഥാനങ്ങളിലായി നടന്ന കൊലപാതകങ്ങൾ 33327 ആണ്. കേരളത്തിൽ 367-ഉം. ഇക്കാര്യത്തിൽ കേരളം 18-ാം സ്ഥാനത്താണ്. 2015-ൽ മൊത്തം കൊലപാതകം 31480 ഉം കേരളത്തിൽ 334-ഉം ആണ്. ഈ വർഷം കേരളത്തിന്റെ സ്ഥാനം 17-ാമതാണ്. എന്നിരുന്നാലും ഇത്തരം സാഹചര്യം നേരിടുന്നതിനായി സംസ്ഥാന പോലീസും, രഹസ്യാന്വേഷണ വിഭാഗവും പരസ്പരം സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിലൂടെ കുറ്റകൃത്യം ഉണ്ടാവാൻ സാധ്യതയുള്ള

സ്ഥലങ്ങളിൽ കൂടുതൽ പോലീസ് നിരീക്ഷണവും പിക്കറ്റും ഏർപ്പെടുത്തിയും കർശന പട്രോളിംഗും ഏർപ്പെടുത്തിയും ആവശ്യമായ മുൻ കരുതലുകൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ നിലവിലുള്ള നിയമപ്രകാരം കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കേരളത്തിൽ ക്രൈം കൂടി വരുന്നു എന്നതിന് തെളിവാണ് കേരള പോലീസിന്റെ ഒഫിഷ്യൽ വെബ്സൈറ്റ്. പ്രസ്തുത കണക്കനുസരിച്ചാണ് ചോദ്യം കൊടുത്തിട്ടുള്ളത്. കേരള പോലീസിന്റെ ഒഫിഷ്യൽ വെബ്സൈറ്റ് പ്രകാരം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളത്തിന് ഇത്തവണ മൂന്നാം സ്ഥാനമാണ്. ഏതാണ് ശരി എന്നതുസംബന്ധിച്ച് ഞാൻ തർക്കത്തിലേക്ക് പോകുന്നില്ല. ഇക്കാര്യം ഗവൺമെന്റിന് പരിശോധിക്കാവുന്നതാണ്. അതിൽ ഒന്നാം സ്ഥാനം യു.പി.ക്കും രണ്ടാം സ്ഥാനം ജാർഖണ്ഡിനുമാണ്. ഇതുസംബന്ധിച്ചുള്ള പത്ര റിപ്പോർട്ടുകളും ഉണ്ടായിരുന്നു. ഇതിന്മേൽ ഉചിത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ നിലവിലെ അനുഭവം അതല്ല. നാദാപുരത്തും താനൂരും ഉൾപ്പെടെ പല സ്ഥലങ്ങളിലും ധാരാളം സംഭവങ്ങൾ ഉണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട്

പൊതുവായി കാണാൻ സാധിക്കുന്നത് യഥാർത്ഥ പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാതെ സ്വതന്ത്രമായി വിരാജിക്കുന്നതാണ്. രാഷ്ട്രീയ കൊലപാതകവും രാഷ്ട്രീയ അക്രമങ്ങളും നടത്തുന്ന പ്രതികൾക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിക്കാതിരുന്നാൽ ക്രൈം നിരക്കിൽ മുന്തിയ സ്ഥാനമുള്ള ഒരു സംസ്ഥാനമായി കേരളം മാറും. കൊലപാതകം നടത്തിയ പ്രതികൾ പോലും ഇപ്പോൾ സ്വതന്ത്രമായി നടക്കുകയാണ്. രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതുകൊണ്ടാണോ അതോ പോലീസിന്റെ പോരായ്മകൊണ്ടാണോ ഇവർ സ്വതന്ത്രമായി വിരാജിക്കുന്നത് എന്നറിയില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊലപാതകത്തെ കൊലപാതകമായിത്തന്നെ കണ്ടുകൊണ്ടുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. അക്കാര്യത്തിൽ രാഷ്ട്രീയ കൊലപാതകമെന്നോ മറ്റ് തരത്തിലുള്ള കൊലപാതകമെന്നോ ഉള്ള വ്യത്യാസമില്ല. കൊലപാതകത്തിനെതിരെയുള്ള കർശന നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. നാദാപുരത്തിന്റെ കാര്യത്തിൽ പ്രതികളിൽ ചിലരെ പിടികൂടാനുണ്ട് എന്നത് ശരിയാണ്. പ്രതികളിൽ ആറ് പേരെ ഇപ്പോൾ കസ്റ്റഡിയിൽ എടുക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ളവരെ പിടികൂടാനുള്ള ശ്രമം

പോലീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എവിടെ അക്രമം ഉണ്ടായാലും ഒരു പൊളിറ്റിക്കൽ ഡിസ്കഷൻ നടത്തണം. അതും ഈ ഗവൺമെന്റ് ചെയ്യുന്നില്ല എന്നുള്ള ആക്ഷേപമുണ്ട്. നാദാപുരത്ത് ഇതിനുമുമ്പ് സമാനമായ സംഭവം ഉണ്ടായപ്പോൾ ഞങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും മരണപ്പെട്ട വ്യക്തിയുടെ വീട്ടിൽ പോകുകയുമുണ്ടായി. പക്ഷേ കോഴിക്കോട് ജില്ലയിലുള്ള മന്ത്രിമാർ അവിടെ പോയില്ല. ഇതുപോലുള്ള സംഭവങ്ങൾ മറ്റ് പല സ്ഥലങ്ങളിലും ഉണ്ടായി. ഇത് എനിക്ക് നേരിട്ടറിയാവുന്ന സംഭവമാണ്. എന്റെ അറിവിൽപ്പെടാത്ത ഇതുപോലുള്ള ധാരാളം സംഭവങ്ങൾ ഉണ്ട്. മുഖ്യമന്ത്രിയില്ലെങ്കിലും മറ്റ് മന്ത്രിമാർക്ക് ഇതിന്മേൽ ഒരു പൊളിറ്റിക്കൽ മൂവ്മെന്റ് നടത്താം. അത്തരമൊരു മൂവ്മെന്റ് എന്തുകൊണ്ടാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാത്തതെന്നാണ് എന്റെ ചോദ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ ചർച്ച നടത്തുന്നത് സാധാരണയാണ്. അത്തരമൊരു ചർച്ചയ്ക്ക് സംസ്ഥാന സർക്കാർ ഒരു തരത്തിലും എതിരല്ല. ഈ സംഭവങ്ങൾ ഉണ്ടായതിനുശേഷവും അവിടെ ചർച്ചകൾ നടന്നിട്ടുണ്ട് എന്നുള്ളതാണ് വസ്തുത.

ഇനിയും കൂടുതൽ ചർച്ചകൾ നടത്തേണ്ടതുണ്ടെങ്കിൽ അതിന് സർക്കാരിന് യാതൊരു വൈമനസ്യവും ഇല്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ദേശീയ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും നാണക്കേടുണ്ടാക്കുന്നതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രസ്തുത കണക്കുകൾ പ്രകാരം കേരളം മൂന്നാം സ്ഥാനത്താണ്. കേരളത്തിലെ ജനസംഖ്യ 33 മില്യൻ ആണ്. അതേസമയം 200 മില്യൺ ജനസംഖ്യയുള്ള ഉത്തർപ്രദേശ് കേരളത്തെക്കാളും പിറകിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കുറച്ച് കണക്കുകൾ അവതരിപ്പിക്കുകയുണ്ടായി. അത് ശരിയോ തെറ്റോ എന്നൊന്നും ഞാൻ പറയുന്നില്ല. കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ആദ്യത്തെ പത്ത് സ്റ്റേറ്റുകളിൽ കേരളം ഉണ്ടെന്ന് പറയുമ്പോൾ അത് നമുക്കെല്ലാം അപമാനമാണ്. ഈയിടെ കേരളത്തിലെ ഒരു രാഷ്ട്രീയ നേതാവിന്റെ പ്രസ്താവന പത്രത്തിൽ കാണുകയുണ്ടായി. പോലീസിന്റെ സംരക്ഷണം ഞങ്ങൾക്ക് ലഭിച്ചില്ലെങ്കിൽ ഞങ്ങൾ വേറെവഴി നോക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. 'പണി പാടത്ത് കൂലി വരമ്പത്ത്' എന്ന് മറ്റൊരു നേതാവ് പ്രസംഗിക്കുകയുണ്ടായി. ഇത്തരം നേതാക്കളുടെ പ്രകോപനപരമായ പ്രസ്താവനകളാണോ നമ്മുടെ സംസ്ഥാനത്തിലെ ക്രമസമാധാന നില തകർക്കാൻ

ഇടവരുത്തുന്നത് എന്നതിനെക്കുറിച്ച് മുഖ്യമന്ത്രി ചിന്തിച്ചിട്ടുണ്ടോ? അങ്ങ് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും മുഖ്യമന്ത്രിയാണ്. അങ്ങേയ്ക്ക് സംസ്ഥാനത്തിന്റെ ക്രമസമാധാന തകർച്ച ഇല്ലാതാക്കാൻ കഴിയും എന്നുതന്നെതെയാണ് ഞങ്ങളുടെ വിശ്വാസം. ഈ കാര്യത്തിൽ അങ്ങ് എങ്ങനെയാണ് പ്രതികരിക്കുന്നത്; അങ്ങ് എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ പൂർണ്ണമായി ഒഴിവാക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. എന്നാൽ കുറ്റകൃത്യങ്ങൾ നടത്തുന്നവരിൽ ചിലർ സമൂഹത്തിലുണ്ട് എന്നുള്ളത് വസ്തുതയാണ്. അവർക്ക് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് നൽകുകയില്ല. ഏതുതരത്തിലുള്ള കുറ്റകൃത്യങ്ങളായാലും സംസ്ഥാന സർക്കാർ കർക്കശമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. മറ്റൊരു സംസ്ഥാനത്ത് ഒരു കുടുംബത്തയാകെ വേട്ടയാടിയ വാർത്ത അടുത്ത കാലത്ത് പത്രങ്ങളിൽ കണ്ടിരുന്നു. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഉയർന്ന സംസ്കാരത്തിന്റെ ഭാഗമായി ഇത്തരം ഹീനകൃത്യങ്ങൾ പൊതുവേ സമൂഹം വച്ചുപൊറുപ്പിക്കാറില്ല. അങ്ങിവിടെ പ്രകടിപ്പിച്ച വികാരത്തോടൊപ്പം സംസ്ഥാന

സർക്കാർ പൂർണ്ണമായിത്തന്നെ നിലകൊള്ളുകയാണ്. പലതരത്തിലുള്ള പ്രസ്താവനകളും നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാറുണ്ട്. പ്രസ്താവനകളുടെ പുറകെ പോയി നടപടികൾക്ക് പുറപ്പെട്ടാൽ അത് എവിടെയും എത്തിച്ചേരില്ലായെന്ന് നമുക്കേവർക്കും അറിയാവുന്നതാണ്. കുറ്റകൃത്യങ്ങൾ വരുമ്പോൾ അതിന്മേൽ സ്വീകരിക്കുന്ന നടപടി എന്തെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, രാഷ്ട്രീയ കൊലപാതകത്തിന്റെ കാര്യത്തിൽ കേരളം ഏതു സ്ഥാനത്താണെങ്കിലും ഇവിടെ കൊലപാതകം നടക്കുമ്പോൾ നടപടി എടുക്കുന്നതിനുപകരം സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി ഇനിയൊരു കൊലപാതകവും നമ്മുടെ നാട്ടിൽ നടക്കാൻ പാടില്ലായെന്ന നല്ലൊരു ചിന്താഗതി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. ബസിനെ എറിഞ്ഞ് തകർക്കില്ലായെന്ന തീരുമാനമെടുത്തപ്പോൾ അത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിച്ചു. നിരന്തരമായ കൊലപാതകങ്ങളുടെ കണക്കുകൾ പറയുമ്പോൾ ഇതുകണ്ടുവളരുന്ന പുതിയ തലമുറയും കൊലപാതകം ഒരു പ്രശ്നമല്ലാത്ത രീതിയിൽ ചിന്തിക്കും. ഈയൊരു ഘട്ടത്തിൽ അങ്ങ് വളരെ ഗൗരമായ നടപടി സ്വീകരിക്കാൻ സർവ്വകക്ഷി യോഗം വിളിക്കുകയും ഇനിയൊരു

കൊലപാതകവും കേരളത്തിൽ ഉണ്ടാകാത്തവിധം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും വേണം. കേരളത്തെ Gods own country എന്നുപറയുന്നെങ്കിലും കൊലപാതകത്തിന്റെ രാജ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് രാഷ്ട്രീയത്തിനതീതതമായി നമ്മളെല്ലാവരും ഒരുമിച്ച് ചിന്തിക്കേണ്ട വിഷയമാണ്. ഇവിടെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചതുപോലെ താനൂരിലും മറ്റും ഉണ്ടായ അക്രമങ്ങൾക്കെതിരെ രാഷ്ട്രീയത്തിനതീതമായ നടപടി കൈക്കൊള്ളാൻ ഭരണാധികാരികൾ തയ്യാറാകണം. അങ്ങനെ വരുമ്പോൾ സമാധാനം എപ്പോഴും ഉണ്ടാകും. ഏതു രാഷ്ട്രീയ പർട്ടിയായാലും കുറ്റം ചെയ്താൽ നടപടി സ്വീകരിക്കണം. എന്നാൽ കൊലപാതകം ഉണ്ടാകാതിരിക്കാൻ രാഷ്ട്രീയ സമവാക്യം ഉണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊലപാതകത്തിന് വേണ്ടി നിലകൊള്ളുന്ന ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടി കേരളത്തിൽ ഉണ്ട് എന്ന് പറയാൻ കഴിയില്ല. എന്നാൽ കൊലപാതകൾ ഫലപ്രദമായി എങ്ങനെ നടത്താം എന്ന് പരിശീലനം നൽകുന്ന ചില സംഘടനകൾ കേരളത്തിലുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചതുകൊണ്ടു മാത്രം ഇത്തരം കൊലപാതകങ്ങൾ ഇല്ലാതാക്കാൻ കഴിയില്ല. അത് കർക്കശമായ നിയമനടപടികളിലൂടെ മാത്രമേ

സാധിക്കു. രാഷ്ട്രീയ പാർട്ടികൾ പൊതുവിൽ കൊലപാതകങ്ങൾ പ്രോത്സാഹിപ്പിക്കുന്നവരാണ് എന്ന് പറയാൻ കഴിയില്ല. എന്നാൽ അവിടെയും വ്യത്യാസമുണ്ട്. കൊലപാതകത്തിന് പരിശീലനം നൽകുന്ന സംഘടനാ നേതൃത്വം നൽകുന്ന രാഷ്ട്രീയ പാർട്ടികളുമുണ്ടാകാം. അവരെ മറ്റ് രാഷ്ട്രീയ പാർട്ടികളുടെ ഗണത്തിൽ പെടുത്താനും കഴിയില്ല. അപ്പോൾ രാഷ്ട്രീയ പാർട്ടികളുടെ മാത്രം യോഗം വിളിച്ചുകൊണ്ട് കൊലപാതങ്ങൾ തടയുക എന്നത് പ്രായോഗികമായിരിക്കുകയില്ല. കൊലപാതകങ്ങളുണ്ടായാൽ ഏത് കൊലപാതകമെന്ന് നോക്കാതെ കർക്കശമായ നടപടികളിലേക്ക് കടക്കുകയാണ് വേണ്ടത്. അതിന് സർക്കാരിന് യാതൊരു വൈമനസ്യവുമില്ല.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, കേരളത്തിൽ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്നതിന് കാരണം പോലീസിന്റെ അനാസ്ഥയാണ്. നസ്റുദ്ദീനെ എസ്.ഡി.പി.ക്കാർ കൊലചെയ്തപ്പോൾ ഞാൻ തന്നെ മുൻപ് അടിയന്തിര പ്രമേയം അവതരിപ്പിച്ചിരുന്നു. അതിൽ 3 പ്രതികളെ മാത്രമേ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളൂ. 3 പേർ വിദേശത്താണ്. അവർക്ക് വിദേശത്ത് പോകാൻ സൗകര്യം ഒരുക്കിക്കൊടുക്കുന്ന നിലപാടാണ് അന്ന് പോലീസ് സ്വീകരിച്ചത്. അതുകൂടാതെ ഇപ്പോൾ അസ്ലമിനെ കൊലചെയ്തു. 45 ദിവസമായി. പ്രതികളായ 6 പേരെ പിടിച്ച

എന്ന് ഇവിടെ പറഞ്ഞത് വഴികാണിച്ചുകൊടുത്തവർ, വണ്ടിയോടിച്ചവർ എന്നിവരാണ്. കൃത്യം നടത്തിയ ആറ് ആളുകളെ ഇന്നേവരെ പിടികൂടിയിട്ടില്ല. കൊലപാതകം നടത്തിയവരുടെ ഇന്നോവ കാർ സി.പി.എം.ന്റെ അധീനതയിലുള്ള വടകര സഹകരണ ആശുപത്രിയിലാണ് കൊണ്ടിട്ടത്. അതുപോലെ ഷിബിൻ എന്ന 18 വയസ്സുകാരൻ കൊലചെയ്യപ്പെട്ടപ്പോൾ കോടതി വെറുതെവിട്ട ആളാണ് അസ്ലം, അതിൽ അസ്ലം പ്രതിയായിരുന്നു. പക്ഷെ  കോടതി വിട്ടാലും പാർട്ടി കോടതി വെറുതെ വിടില്ലായെന്ന് ഏര്യാകമ്മിറ്റി സെക്രട്ടറി ചാത്തു പ്രസംഗിച്ചു, ഞാൻ പ്രസംഗിച്ചതല്ല. അതിന്റെ ഫലമായി പാർട്ടി കോടതിയാണ് അസ്ലംമിന്റെ കൊലപാതകം നടത്തിയത്. പട്ടാപ്പകലാണ് അത് നടത്തിയത്. അതിലെ പ്രതികളെ ഇതുവരെ പിടിച്ചിട്ടില്ല.

മി. സ്പീക്കർ: ഈ ചോദ്യത്തിന് സ്റ്റേറ്റ്മെന്റുണ്ടാകും. ചോദ്യത്തിന് പ്രസ്താവന നടത്താൻ സാധിക്കുമോ?

ശ്രീ. പാറക്കൽ അബ്ദുല്ല: അവരെ പിടിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; അതല്ലാ പ്രതികൾക്ക് സംരക്ഷണം നൽകുന്ന നിലപാടാണോ ഗവൺമെന്റിന്റേത് എന്നാണ് അറിയേണ്ടത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ചോദ്യം ചോദിക്കാൻ ഒരു

അംഗത്തിന് അവകാശമില്ലേ ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാവുന്ന കാര്യമാണ് ചോദ്യത്തിന് പ്രസ്താവന നടത്താൻ സാധിക്കുമോ, പ്രസ്താവന ശരിയാണോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ആറ് പേരെ അറസ്റ്റ് ചെയ്തു എന്ന് അങ്ങ് തന്നെ അംഗീകരിക്കുന്നുണ്ട്. ബാക്കി ചിലരെ അറസ്റ്റ് ചെയ്യാനുണ്ട് എന്നത് വസ്തുതയാണ് അത് ഞാൻ മുൻപ് ഇവിടെ പ്രസ്താവിച്ചതാണ്. 8 പേരെയാണ് ഇനി അറസ്റ്റ് ചെയ്യാനുള്ളത്. തിരിച്ചറിഞ്ഞതിൽ രണ്ടു പേരുണ്ട്. തിരിച്ചറിയാൻ ആറ് പേർ ബാക്കിയാണ്. അത്തരത്തിലുള്ള അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അവരാരൊക്കെ കണ്ടെത്താനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഒരു ആശങ്കയും വേണ്ട പ്രതികളെയാകെ പിടികൂടാൻ പോലീസിന് കഴിയുക തന്നെ ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാട്ടിലെ അക്രമങ്ങളും അതോടൊപ്പം കേസ്സുകളും ധാരാളമുണ്ട്. ഒരു പ്രതിയെ ശിക്ഷിക്കണോ വേണോ എന്ന് തീരുമാനിക്കുന്നത് കോടതി വിധിക്ക് ശേഷമാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. ഈ മന്ത്രിസഭയിലെ ഒരംഗം നിരവധി കേസ്സുകളിലെ പ്രതിയായിരുന്നിട്ടും അദ്ദേഹത്തിനെതിരെ

നടപടിയെടുക്കാത്തതുകൊണ്ട് കോടതി തന്നെ നേരിട്ട് സ്പീക്കർക്ക് കത്തെഴുതിയതായിട്ടാണ് ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത. അത് ശരിയാണോ? നിയമത്തിന് കീഴടങ്ങാൻ ബാധ്യതയില്ലേ? ആ നിയമത്തിന് കീഴടങ്ങാതിരിക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ? കോടതി തന്ന കത്തിന് അങ്ങ് എന്ത് മറുപടി കൊടുത്തു? ഗവൺമെന്റ് എന്ത് നടപടിയെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോടതി അങ്ങനെ ഒരു നിയമത്തെ കുറിച്ച് നിശ്ചയമില്ലാത്ത ഒരു ഏജൻസിയാണ് എന്ന് ഞാൻ ശങ്കിക്കുന്നില്ല. കാരണം ഒരാളെ അറസ്റ്റ് ചെയ്യാൻ മുൻകൂട്ടിത്തന്നെ അനുമതി വാങ്ങേണ്ട ആവശ്യം നമ്മുടെ രാജ്യത്തില്ല. അറസ്റ്റ് ചില സ്ഥലങ്ങളിൽ നിന്ന് പാടില്ലായിരിക്കാം. നിയമസഭയ്ക്കകത്ത് കയറി അറസ്റ്റ് ചെയ്യാൻ സാധിക്കില്ല. എവിടെയും അറസ്റ്റ് ചെയ്യാൻ സാധിക്കും. സാധാരണ നിലയ്ക്ക് കോടതി അങ്ങനെ ഒരു നിലപാട് സ്വീകരിക്കാൻ ഇടയില്ലായെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഇവിടെ പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. 100 ദിവസങ്ങൾക്കുള്ളിൽ അങ്ങയുടെ ജില്ലയിൽ തന്നെ 5 കൊലപാതകങ്ങളുണ്ടായി. നമ്മുടെ ജില്ലയിൽ തന്നെ മുഖ്യ ഭരണകക്ഷിയിലെ

നേതാക്കന്മാർ പോലീസ് സ്റ്റേഷനിലുള്ളിൽ കയറി സമരം നടത്തുന്നു. അന്യ സംസ്ഥാനത്ത് ഒരു കുടുംബത്തെ ആക്രമിച്ചു എന്ന് അങ്ങ് പറഞ്ഞു. കൊല്ലം ജില്ലയിൽ അസീസിയ മെഡിക്കൽ കോളേജിന്റെ പ്രൊപ്രൈറ്ററേയും കുടുംബത്തേയും അവരുടെ വീട്ടിൽ കയറി ക്രൂരമായി മർദ്ദിച്ചതിനെ തുടർന്ന് ചികിത്സയിൽ കഴിയുകയാണ്. അത് അന്യ സംസ്ഥാനത്തല്ല കൊല്ലം ജില്ലയിലാണ്. എന്നിട്ട് എന്ത് സംഭവിച്ചു? ആക്രമിക്കപ്പെട്ടവർ, Place of occurrence അവരുടെ വീടാണ് ആക്രമിക്കപ്പെട്ടവർക്കെതിരെ നോൺ ബെയിലബിൾ കേസ്, ആക്രമിച്ച അങ്ങയുടെ പാർട്ടിക്കാർക്ക് ബെയിലബിൾ കേസ്. ഇതാണ് നടക്കുന്നത്. രണ്ട് തരം നീതിയാണ്. അങ്ങ് നീതിപൂർവ്വമായി കാര്യങ്ങൾ ചെയ്യാനും ഭരണകക്ഷിക്ക് മാത്രം സംരക്ഷണം എന്ന നയം മാറ്റാനും തയ്യാറായില്ലെങ്കിൽ സംസ്ഥാനം അപകടത്തിലേക്കാണ് പോകുന്നത് എന്ന് അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഭരണകക്ഷിക്കാർക്ക് പ്രത്യേക സംരക്ഷണമെന്നൊരു നിലപാട് സംസ്ഥാന പോലീസ് നയത്തിലില്ല. കുറ്റം ചെയ്താൽ കുറ്റക്കാർക്കെതിരെ കർക്കശമായ നടപടി തന്നെ എടുക്കും. ഇപ്പറഞ്ഞ അസീസിയ മെഡിക്കൽ കോളേജ് കേരളത്തിൽ അടുത്ത കാലത്ത് അറിയപ്പെടുന്ന മെഡിക്കൽ കോളേജായി മാറിയ ഒന്നാണ്. ആ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഒരു

വിഷയത്തിൽ അവിടെ ചില തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. തർക്കത്തിന്റെ വിഷയം എനിക്ക് കൃത്യമായി അറിയില്ല. അതുമായി ബന്ധപ്പെട്ട്  കുറച്ച് ചെറുപ്പക്കാർ പോസ്റ്റർ പതിപ്പിക്കുന്ന സ്ഥലത്ത് അഞ്ചാറ് കാറുകളിൽ വന്നവരുമായി സംഘർഷമുണ്ടായി. അത് ഇവരുടെ വീടിന് മുന്നിലാണ്. അങ്ങനെ വന്നപ്പോൾ ഈ സംഘർഷത്തിന്റെ ഭാഗമായി ആ ചെറുപ്പക്കാർക്കും പരിക്കുപറ്റി എന്നാണ് കേൾക്കുന്നത്. ഈ തർക്കം മൂത്തപ്പോൾ ഇവർ വീടിനകത്തേക്ക് കയറി. അക്കൂട്ടത്തിൽ ഒരു ചെറുപ്പക്കാരനും ഈ വീടിനകത്ത് പെട്ടു. ഗേറ്റ് അടച്ചപ്പോൾ അയാളുടെ കൈയ്ക്കും പരിക്കുണ്ട്. ഇതാണ് സംഭവിച്ച കാര്യങ്ങൾ. അപ്പോഴേക്കും പോലീസും അവിടെയുണ്ട്. പോലീസ് വീടിനകത്തായവരെ ഗേറ്റിന് വെളിയിലാക്കി. ഇതിന്റെ മേൽ കേസ് വന്നിട്ടുണ്ട്. എല്ലാ കാര്യങ്ങളും അങ്ങ് കേട്ട രീതിയിലല്ല. ബഹുമാനപ്പെട്ട അംഗം കേട്ട തരത്തിൽ ആദ്യം വാർത്തകൾ പരന്നു എന്നത് ശരിയാണ്. പക്ഷെ അന്വേഷിക്കുമ്പോൾ ഇത്തരത്തിലാണ് സംഭവങ്ങൾ. അപ്പോൾ നിയമപ്രകാരം കാര്യങ്ങൾ നടക്കട്ടേ എന്ന നില മാത്രമേ അതിൽ സ്വീകരിക്കാൻ കഴിയൂ. ആ വഴി പോലീസ് സ്വീകരിച്ചിട്ടുണ്ടാകും. അക്കാര്യത്തിൽ ഒരാശങ്കയും വേണ്ടതില്ല. നിയമപ്രകാരമുള്ള നടപടികൾ പോലീസ് സ്വീകരിക്കുക തന്നെ ചെയ്യും. അക്രമിക്കപ്പെട്ടവരാര് എന്നുള്ളതാണ് പ്രശ്നം. രണ്ട് ഭാഗത്തും അക്രമിക്കപ്പെട്ടവരുണ്ട് എന്ന് വരുമ്പോൾ

അത് പോലീസിന് വിടുന്നതാണ് നല്ലത്. പോലീസ് അതിന്മേൽ നടപടി സ്വീകരിച്ചു. പുറത്ത് ആക്രമണങ്ങൾ ഉണ്ടായി. ഒരു ചെറുപ്പക്കാരന്റെ കൈയ്യ് പരിക്ക് പറ്റി ഇതെല്ലാം അവിടെ സംഭവിച്ചിട്ടുണ്ട്. അങ്ങ് കേട്ട രീതിയിലായിരിക്കും പൊതുവിൽ ആളുകൾ കേൾക്കുന്നത്. പക്ഷെ ആ കേട്ടതല്ല വസ്തുത എന്നതാണ് നാം തിരിച്ചറിയേണ്ടത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അതൊരു ഏകപക്ഷീയമായ ചർച്ച ആയിട്ട് ഇവിടെ മാറിയിരിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുള്ളത് സി.പി.ഐ.(എം) -ന്റെ പ്രവർത്തകരാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തന്നെ ആദ്യ ദിവസങ്ങളിലൊക്കെ നടന്ന കൊല പാതകങ്ങൾ വളരെ ഏകപക്ഷീയമായി നടത്തപ്പെട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുള്ളത് ഇക്കാര്യത്തിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കുമെന്ന്. അത് മാതൃകാപരമായിട്ടുള്ള ഒരു മറുപടിയാണ്. ആയുധ പരിശീലനം തടയുന്നതിന് ഈ ഗവൺമെന്റ് ഫലപ്രദമായിട്ടുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, കൊലപാതക രാഷ്ട്രീയം ഏറ്റവും കൂടുതൽ നടത്തുന്ന

സംഘടനകളെക്കുറിച്ച്... അവരുടെ അക്രമോത്സുകമായ പരിശ്രമങ്ങളെക്കുറിച്ച് പരാമർശിക്കാതിരിക്കുന്നത് തികച്ചും ഏകപക്ഷീയമാണ്. എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തോന്നുന്നില്ലേ?

ശ്രീ. പിണറായി വിജയൻ : സർ, നമ്മുടെ സംസ്ഥാനത്തെ ആക്രമണങ്ങൾക്ക് ഇരയായി കൊല ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ സി.പി.ഐ.(എം)-ൽപ്പെട്ടവർ ധാരാളമുണ്ട് എന്ന വസ്തുത ശരിയാണ്. അതാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടി കാണിച്ചത്. ഇവിടെ ആക്രമണം പെരുകാതിരിക്കുന്നതിനുള്ള കർക്കശമായ നടപടി കൾ തന്നെയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, മുഖ്യമന്ത്രി ഈ സഭയിൽ വ്യക്തമായ കാര്യങ്ങളല്ല പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 70 കൊലപാതകങ്ങൾ ഉണ്ടായിരിക്കുന്നു. അങ്ങയുടെ ജില്ലയിൽതന്നെ 6 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിരിക്കുന്നു. സി.പി.എം. ഉം ബി.ജെ.പി.യും തമ്മിലുള്ള കൊലപാതകങ്ങൾ കണ്ണൂർ ജില്ലയിൽ വർദ്ധിക്കുന്നു. ഇത്രയും കൊലപാതകങ്ങൾ ഉണ്ടായിട്ടും ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി അവിടുത്തെ ക്രമസമാധാനം നിലനിർത്താൻവേണ്ടിയിട്ടുള്ള എന്ത് നടപടിയാണ് സ്വീകരിച്ചത്? എന്നുമാത്രമല്ല അക്രമങ്ങൾ

നടക്കുന്നതിനെതിരെയുള്ള ശക്തമായ നടപടികളുണ്ടാകുന്നില്ല. പാർട്ടിയുടെ ജില്ലാ സെക്രട്ടറി പയ്യന്നൂരിലേക്ക് പോലീസ് സ്റ്റേഷനിൽ ധർണ്ണ നടത്തുന്നു. കൂത്തുപ്പറമ്പിൽ രണ്ട് പോലീസ് സ്റ്റേഷനുകളിൽ പാർട്ടിയുടെ നേതാക്കന്മാർ ധർണ്ണ നടത്തുന്നു. പോലീസിനെ നിഷ്ക്രീയമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥ വരുന്നു. ഇതിന്റെ ഫലമായി കണ്ണൂർ ജില്ലയിൽ മാത്രം 312 രാഷ്ട്രീയ സംഘർഷങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുണ്ടായത്. ശക്തമായ നടപടികളില്ലാതെ അക്രമങ്ങൾ അവസാനിക്കില്ല. മുഖ്യമന്ത്രിയുടെ മൗനം ഈ കാര്യത്തിൽ വളരെ വളരെ ഗൗരവതരമായ കാര്യമാണ്. അടിയന്തരമായിതന്നെ ഈ ജില്ലയിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുമായി അക്രമങ്ങൾ അവസാനിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; സർവ്വകക്ഷിയോഗം വിളിച്ച് ഇതിന് പരിഹാര നടപടി കണ്ടെത്താൻ ശ്രമിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പുറത്തു പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഇവിടെ പറഞ്ഞു എന്നുള്ള ഒരു പ്രത്യേകത മാത്രമേ ഇപ്പോഴുള്ളൂ. അദ്ദേഹത്തിന്റെ ഈ കാര്യങ്ങൾ പറഞ്ഞുകൊണ്ടുള്ള പ്രസംഗത്തിന്റെ

റിപ്പോർട്ട് എനിക്ക് വായിക്കാൻ സാധിച്ചു. പുറത്തു പറഞ്ഞ കാര്യം അദ്ദേഹം ഇപ്പോൾ ഇവിടെയും ആവർത്തിച്ചു. യഥാർത്ഥത്തിൽ വസ്തുത എന്താണ്? നമ്മുടെ സംസ്ഥാനത്ത് അക്രമങ്ങൾ പെരുകാതിരിക്കുന്നതിനുള്ള കർക്കശ നടപടികളാണ് സംസ്ഥാന പോലീസ് സ്വീകരിച്ചു വരുന്നത്. കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ സംഭവിച്ചതാണ് ഏറ്റവും ഒടുവിലത്തെ കാര്യം. പയ്യന്നൂരിൽ നടന്ന കാര്യം ബഹുമാനപ്പെട്ട ശ്രീ. കെ.സി. ജോസഫിന് നല്ലതുപോലെ അറിയാം. പ്രതിപക്ഷ നേതാവിന് അത്രത്തോളം അറിയുമോ എന്നറിയില്ല. അവിടെ ഒരു നിരപരാധിയായ മനുഷ്യനെ ബോധപൂർവ്വം പ്ലാൻ ചെയ്ത് കൊലപ്പെടുത്തി. നാട്ടിൽ പരക്കെ അംഗീകരിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ കൊല ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന വികാരം ആ പ്രദേശത്ത് വലിയ തോതിലുണ്ടാകുന്നു. അതിന്റെ മേലെയുള്ള പെട്ടെന്നുള്ള വികാരത്തിൽ ചില സംഭവങ്ങൾ അതിന്റെ തുടർച്ചയായി ഉണ്ടാകുന്നു. ഒരാൾ അതിലും കൊലചെയ്യപ്പെടുന്നു. ഇത്തരമൊരു സംഭവം നമ്മുടെ നാട്ടിൽ നടക്കാൻ പാടില്ലാത്തതാണ്. പോലീസ് എന്താണ് ചെയ്തത്; പോലീസ് ഏതു കക്ഷിയെന്ന് നോക്കിയല്ല നടപടി സ്വീകരിച്ചത്. ഫലപ്രദമായ നടപടികളിലേയ്ക്ക് പോലീസ് കടന്നു. സ്വാഭാവികമായും അതിന് ചില വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നു. അങ്ങനെയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നതിന്റെ

ഭാഗമായി അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ പോലീസ് സ്റ്റേഷനിലും ചില പ്രതികരണങ്ങൾ അതിന്റെ ഭാഗമായി നാട്ടുകാരുടെ ഭാഗത്തുനിന്നുണ്ടായി. എന്നാൽ അത്തരം പ്രതികരണങ്ങൾ ഉണ്ടോ ഇല്ലയോ എന്ന് നോക്കിയല്ല പോലീസ് നടപടികൾ സ്വീകരിക്കുന്നത്. ആ വ്യത്യാസം വന്നുകാണും. അങ്ങേക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ നല്ലതുപോല കഴിയുമല്ലോ. ഇവിടെ പോലീസ് മുഖം നോക്കാതെ നടപടി സ്വീകരിക്കുമ്പോൾ... കുറ്റം ചെയ്തിട്ടുണ്ടോ ആ കുറ്റക്കാർക്കെതിരെയുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും പോലീസിനെ വിലക്കിയിട്ടില്ല. ഇതാണ് സംസ്ഥാന സർക്കാരിന്റെ നയം. ആ നയവുമായി തന്നെ സർക്കാർ മുന്നോട്ടുപോകും. രാഷ്ട്രീയ പാർട്ടികളുടെ ചർച്ചയുടെ ഭാഗമായി പരിഹരിക്കത്തക്ക ഒരു പ്രശ്നമാണ് അവിടെയുള്ളതെന്നു തോന്നുന്നില്ല. കാരണം ഒരു കൂട്ടർ ആയുധത്തിന് മൂർച്ച കൂട്ടിക്കൊണ്ടിരിക്കുന്നു. അവരത് അവസാനിപ്പിക്കാൻ തയ്യാറുണ്ടോ എന്നതാണ് പ്രശ്നം. അത് അവസാനിപ്പിക്കാൻ തയ്യാറുണ്ട് എന്നതിന്റെ ഒരു സൂചനയും ഇതേവരെ വന്നിട്ടില്ല. അതിനാണ് ആദ്യം തയ്യാറാകേണ്ടത്. അവർക്ക് വളം വക്കുന്ന ഒന്നും നമ്മുടെ ആരുടെയും ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : ശക്തമായ നടപടി വേണം ഉണ്ടാകേണ്ടത്. നടപടി ഉണ്ടാകാത്തതുകൊണ്ടാണ് അക്രമങ്ങൾ വ്യാപിക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞു. പ്ലീസ്....പ്ലീസ് ...

## ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

*2 ശ്രീ കെ. ബാബു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി.കെ.സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബലാവസ്ഥയിലായിരുന്ന ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ തലത്തിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ) : സർ,

(എ) ആരോഗ്യ രംഗത്തിന് മാർഗ്ഗരേഖയായി യുണൈറ്റഡ്നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (sustainable development goals)

അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

അതോടൊപ്പം തന്നെ പശ്ചാത്തല സൗകര്യ വികസനത്തിനും ആവശ്യമായത്ര ഡോക്ടർമാരെ ആശുപത്രികളിൽ നിശ്ചയിക്കുന്നതിനുമുള്ള സമീപനങ്ങളും സ്വീകരിച്ചിരിക്കുകയാണ്. പ്രൈമറി, സെക്കണ്ടറി, ടെറിഷ്യറി വിഭാഗത്തിൽപ്പെട്ട ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും.......

മി. സ്പീക്കർ : വളരെ ദൈർഘ്യമേറിയ ഉത്തരമാണെങ്കിൽ മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : മുഴുവൻ മേശപ്പുറത്ത് വയ്ക്കാൻ സാധിക്കുമോ ? അതുസംബന്ധിച്ച് കുറച്ചു പറയാനുണ്ട്.

മി. സ്പീക്കർ : വളരെ ദൈർഘ്യമേറിയതാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാം.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: പ്രധാനപ്പെട്ട പ്രവർത്തനമായിട്ട് ജില്ലാ ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റികൾ ആക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നു. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഈ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. വിശദമായ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 10 കാത്ത് ലാബുകൾ ഇതിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ഹോസ്പ്പിറ്റലിൽവച്ചുതന്നെ പ്രധാനപ്പെട്ട

ചികിത്സ നടത്താനുള്ള സൗകര്യം ഒരുക്കികൊണ്ട് മെഡിക്കൽ കോളേജുകളിലേക്കുള്ള തിരക്കുകൾ കുറയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 42 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള പ്രവർത്തനം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള ' ആർദ്രം ' പദ്ധതി ഈ പ്രവർത്തനങ്ങളെല്ലാം ഉൾകൊള്ളുന്നതാണ്. ' ആർദ്രം ' പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് ആശുപത്രികളിലുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനും രോഗികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കുന്നതിനുമാണ് തീരുമാനിച്ചത്. മെഡിക്കൽ കോളേജുകളിൽ നിന്ന് തുടങ്ങി ഇതിന്റെ പ്രവർത്തനം പ്രധാനപ്പെട്ട ഗവൺമെന്റ് ഹോസ്പ്പിറ്റലുകളിലേക്ക് വ്യാപിപ്പിക്കും. ' ആർദ്രം ' പദ്ധതിയുടെ ഭാഗമായി ഒ.പി.ഡി. ബ്ലോക്ക് ട്രാൻസ്ഫോർമേഷൻ ഇപ്പോൾ തന്നെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. AIMS -ന്റെ മാതൃകയിൽ ഒ.പി.ഡി. ബ്ലോക്ക് ട്രാൻസ്ഫോർമേഷനുള്ള എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ തന്നെ തയ്യാറാക്കി വരുന്നുണ്ട്. ആശുപത്രികളുടെ മുഖച്ഛായ തന്നെ മാറ്റുന്ന രീതിയിൽ കൂടുതലാളുകൾക്ക് ആശുപത്രിയിൽ സൗജന്യമായി പ്രധാനപ്പെട്ട രോഗങ്ങൾക്ക് ചികിത്സ കിട്ടുന്ന തരത്തിൽ മാറ്റം

വരുത്താനാണ് തീരുമാനിക്കുന്നത്. ഇതുകൂടാതെ ജനകീയമായ ഒരു ആരോഗ്യനയം ഈ ഗവൺമെന്റ് രൂപീകരിക്കുന്നതാണ്. അതിനാവശ്യമായിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റിയെ നിശ്ചയിച്ച് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഒരു നല്ല ആരോഗ്യനയം കേരളത്തിലെ ജനങ്ങൾക്ക് ചികിത്സക്കുവേണ്ടി പോക്കറ്റ് കാലിയാകാതിരിക്കാനുള്ള ഏറ്റവും നല്ല വിദഗ്ദ്ധ ചികിത്സ പാവങ്ങൾക്ക് കിട്ടാൻ ആവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ജനകീയ ആരോഗ്യനയത്തിലുണ്ടാകും. ഇപ്പോൾ വല്ലാത്ത രീതിയിൽ കുഴഞ്ഞുകിടക്കുന്ന ആരോഗ്യ മേഖലയാകെ ചിട്ടപ്പെടുത്തി ജനകീയമാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ജനകീയ ആരോഗ്യ നയത്തിലുണ്ടാകും. ഒരു കോമ്പ്രിഹെൻസീവ് പ്രൈമറി ഹെൽത്ത് കെയർ പ്രോജക്ട് ഇപ്പോൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രൈമറി തലംമുതലുള്ള ആശുപത്രിയുടെ പരിഷ്കരണം മുഴുവൻ നടത്തുന്നത്. അതിന്റെ വിശദമായിട്ടുള്ള കാര്യങ്ങൾ ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്. ഞാൻ അതിന്റെ എസ്സൻസ് മാത്രമാണ് പറയുന്നത്. അത് പൂർത്തിയായി വരുമ്പോൾ പ്രൈമറി ഹെൽത്ത് സെന്ററിനെ മാനിഫെസ്റ്റോയിൽ പറയുന്നത് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുണമെന്നാണ്. അതിനാവശ്യമായ 140 മണ്ഡലങ്ങളിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററിനെ അത്തരത്തിലുള്ള സൗകര്യങ്ങളോടുകൂടിയ

കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾതന്നെ തുടങ്ങികഴിഞ്ഞിട്ടുണ്ട്. സെക്കണ്ടറി, ടെറിഷ്യറി വിഭാഗങ്ങളെയും അത്തരത്തിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. ആരോഗ്യ മേഖലയിൽ ചികിത്സയ്ക്കായി കൂടുതൽ പണം സാധാരണക്കാർക്ക് ചെലവഴിക്കേണ്ടി വരികയാണ്. കൂടുതൽപേർക്ക് ഈ ചികിത്സാ സഹായം ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ സമഗ്രമായിട്ടുള്ള ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുകയാണ്. അതിന്റെ പ്രവർത്തനവും ഇപ്പോൾ ആവശ്യമായിട്ടുള്ള പ്രിപ്പറേറ്ററി വർക്ക് ഇപ്പോൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതു പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ആളുകൾക്ക് സൗജന്യമായിട്ടുള്ള ചികിത്സ ഉറപ്പുവരുത്താൻ സാധിക്കും. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, അതുപോലെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇവയെല്ലാം കുറച്ചുകൂടി സാധാരണക്കാർക്ക് സൗജന്യമായി നൽകാൻ കഴിയുന്ന രീതിയിൽ ഈ ആരോഗ്യ ഇൻഷ്വറൻസ് മേഖല ശക്തമാകും എന്നുള്ളതാണ് കാണുന്നത്. പി.എം.എസ്.എസ്.വൈ-ൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളുടെ നവീകരണ പ്രവർത്തനങ്ങൾ... രണ്ട് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മുടങ്ങി കിടക്കുകയായിരുന്നു. ഇത്തവണ അവയെല്ലാം ആരംഭിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങളെല്ലാം ആർംഭിച്ചിട്ടുണ്ട്.

ഇതെല്ലാം റിപ്പോർട്ടിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് വളരെ ഗൗരവമായിട്ടുള്ള ഇടപെടൽതന്നെ നടത്തിയിട്ടുണ്ട്. നിലനിൽക്കുന്ന മെഡിക്കൽ കോളേജുകളെ ശക്തമാക്കുന്നതോടൊപ്പം ഇടുക്കി മെഡിക്കൽ കോളേജ് തുടങ്ങിയിട്ടുള്ള മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചില പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തോളം അസിസ്റ്റന്റ് സർജന്മാരുടെ ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും ആ ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ തയ്യാറായിട്ടില്ല. വളരെ ചുരുങ്ങിയ നിയമനം മാത്രം നടത്തിയ ശേഷം ആ ലിസ്റ്റ് നടപടികളില്ലാതെ പൂഴ്ത്തിവയ്ക്കുകയാണ് ചെയ്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ലിസ്റ്റ് ജൂൺ 30-ന് അതിന്റെ കാലാവധി തീരുമായിരുന്നു. നിയമനം നടത്താൻ സാധിക്കുമായിരുന്നില്ല. ലിസ്റ്റിന്റെ കാലാവധി 6 മാസത്തേക്ക് എക്സ്റ്റന്റ് ചെയ്തുകൊണ്ട് ആരോഗ്യ വകുപ്പിൽ നിന്നുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഗൗരവമായിട്ടുള്ള നടപടി സ്വീകരിച്ചപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുകയും 370 അസിസ്റ്റന്റ് സർജന്മാരുടെ നിയമനം ഇപ്പോൾ ആ ലിസ്റ്റിൽ നിന്ന് നടത്തി. ആശുപത്രികളിൽ ഡോക്ടർമാർ ഇല്ലാത്ത അവസ്ഥയുണ്ടായിരുന്നു. ഇവിടെയുള്ള മിക്കവാറും എം.എൽ.എ.മാർ നിവേദനം തരികയും സബ്മിഷൻ ഉന്നയിക്കുകയും

ചെയ്തത് ആരോഗ്യരംഗത്ത് ഓരോ ആശുപത്രിയിലും ഡോക്ടർമാർ ഇല്ല എന്നുള്ളതാണ്. മുഴുവനായിട്ട് പരിഹരിക്കാൻ സാധിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ 500 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇതോടൊപ്പം ഐക്യരാഷ്ട്രസഭയുടെ Sustainable Development Goal-ന്റെ ഭാഗമായി 17 ലക്ഷ്യങ്ങൾ കേരള ആരോഗ്യവകുപ്പ് ഏറ്റെടുത്തുകൊണ്ട് ജീവിതശൈലിരോഗങ്ങൾ കുറച്ചു കൊണ്ടുവരുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനുമുള്ള എല്ലാ സംവിധാനങ്ങളും തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വിശദമായ കാര്യങ്ങൾ ഈ റിപ്പോർട്ടിൽ ഉള്ളതുകൊണ്ട് പറയുന്നില്ല. ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബ് ഇവയെക്കുറിച്ചും നടപ്പിലാക്കിയിട്ടുള്ള വിശദാംശങ്ങൾ ഇതിനകത്തുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ കൂട്ടത്തിൽ ആയുർവ്വേദ മേഖലയിലും ഈ ഗവൺമെന്റ് 4 മാസത്തിനുള്ളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 41 ആയുർവ്വേദ തെറാപിസ്റ്റുകളുടെ തസ്തികകൾ ഇപ്പോൾതന്നെ സൃഷ്ടിച്ചിട്ടുണ്ട്. പുതിയ പാരിപ്പള്ളി മെഡിക്കൽ കോളേജിനുവേണ്ടി 108 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചു. അതുകൂടി ചേർത്തിട്ടാണ് പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നു പറഞ്ഞത്. അത്തരത്തിലുള്ള 370 തസ്തികകൾ ഇപ്പോൾ സൃഷ്ടിച്ചു. 370 പേരെ മറ്റ് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഇതെല്ലാം കൂടി ചേരുമ്പോൾ ആരോഗ്യമേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ വലിയ മാറ്റം വരുത്താൻ സാധിച്ചു. പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. ഇതുപോലെ വളരെ വിപുലമായ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. വളരെ വിശദമായ ഉത്തരം ഇതിനകത്തുണ്ട്. ആരോഗ്യമേഖലയിൽ ഒരു പുതിയ മാറ്റം ഉണ്ടാകുന്ന രീതിയിലാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തിയത്. ഇ - ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കുന്നതിനാവശ്യമായിട്ടുള്ള പദ്ധതി ഇപ്പോൾ തുടങ്ങി കഴിഞ്ഞു. കേരളത്തിലുള്ള മുഴുവൻ ആളുകളുടെയും ആരോഗ്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇ– ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കാൻ 92 കോടി രൂപയുടെ ഒരു പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കാൻ തുടങ്ങിയിട്ടുള്ളത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി കഴിഞ്ഞു. അത് എത്രയും പെട്ടെന്നുതന്നെ അവതരിപ്പിക്കാനുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഡ്രാഫ്റ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടെ അവതരിപ്പിക്കാൻ സാധിക്കും. ഇത്തവണ പകർച്ചവ്യാധി നിയന്ത്രണത്തിന് വളരെ ശക്തമായിട്ടുള്ള നടപടിക്രമങ്ങളാണ് സ്വീകരിച്ചത്. അതിന്റേയും വിശദാംശം ഇതിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

പകർച്ചവ്യാധി മരണനിരക്ക് നല്ല രീതിയിൽ കുറയ്ക്കാൻ സാധിച്ചു. സാധാരണ എല്ലാ വർഷവും 23 മുതൽ 25 വരെ ഡെങ്കി ഡെത്ത് ഉണ്ടാകാറുണ്ട്. ഇത്തവണത്തെ സംയോജിതമായ ഇടപെടലിന്റെ ഭാഗമായി മുഖ്യമന്ത്രി കൂടി മുൻകൈ എടുത്ത് വിളിച്ചു കൂട്ടിയ മീറ്റിംഗിന്റെയും അതിനുശേഷം നടത്തിയ ഇടപെടലിന്റെയും ഭാഗമായി പകർച്ചവ്യാധി മരണങ്ങൾ ഇത്തവണ ഡെങ്കി ഡെത്ത് 5 മാത്രമെ സംഭവിച്ചുള്ളു. കുറച്ചു കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. ആ രീതിയിൽ നല്ല രീതിയിലുള്ള ഇടപെടൽ ആരോഗ്യമേഖലയിൽ നടത്തുന്നു എന്നുള്ളതാണ് വിശദമായ ഉത്തരങ്ങളും കണക്കുകളും ഈ റിപ്പോർട്ടിലുണ്ട്.

മി. സ്പീക്കർ : ആരോഗ്യ മേഖലയിൽ മന്ത്രിയുടെ നേതൃത്വത്തിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതു മുഴുവൻ റിപ്പോർട്ടുചെയ്യാൻ സമയം ഉണ്ടാവുമോ എന്നുള്ള സംശയമുള്ളതുകൊണ്ടാണ് മേശപ്പുറത്തു വച്ചാൽ മതിയെന്ന് സൂചിപ്പിച്ചത്.

(എ) ആരോഗ്യ രംഗത്തിന് മാർഗ്ഗരേഖയായി യുണൈറ്റഡ്നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (sustainable development goals) അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃ-ശിശു ആരോഗ്യം,

പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലി രോഗങ്ങൾ, ട്രോമ കെയർ, മാനസികാരോഗ്യം തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് കേരളം 2020-യോടെയും 2030-യോടെയും ആർജിക്കേണ്ട ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തി അതിനനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ തയ്യാറാക്കിവരികയാണ്. സംസ്ഥാനത്തിന്റെ ആരോഗ്യനയം തയ്യാറാക്കുന്നതിനായി ഡോ. ബി. ഇക്ബാൽ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. SDG ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള പ്രധാനമാർഗ്ഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി, സമഗ്ര ആരോഗ്യ പരിചരണം (Comprehensive Primary Health Care) ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു. വയനാട് അടക്കമുള്ള പട്ടികവർഗ്ഗ മേഖലകളിലെ ആശുപത്രികളിലെ സൗകര്യങ്ങൾ പ്രത്യേകമായി മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ PMSSY പരിപാടിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സൂപ്പർ സ്പെഷ്യാലിറ്റി രംഗത്ത്

മാനവവിഭവശേഷി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഫ്രോളജിയിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജിയിലും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കാദമിക് തലത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനും രോഗീ പരിചരണത്തിനും ഉന്നത നിലവാരത്തിലുള്ള സേവനം ഉറപ്പു വരുത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോളിട്രോമ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനുള്ള നടപടികളും, Multi Disciplinary Research Unit, പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ പുരോഗമിച്ചു വരുന്നു.

പാരിപ്പള്ളി മെഡിക്കൽ ആശുപത്രിയിൽ ഔട്ട് പേഷ്യന്റ് വിഭാഗം ആരംഭിച്ചു. കോളേജിന്റെ പ്രവർത്തനം തുടങ്ങാനായി 108 തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ 282 തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ അംഗീകാരം നഷ്ടപ്പെട്ടുമായിരുന്ന 50

ബി.ഡി.എസ്. സീറ്റുകൾക്കുള്ള അനുമതി ഡി.സി.ഐ.യിൽ നിന്ന് നേടിയെടുത്തു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാത്ത് ലാബിന്റെ ഇൻസ്റ്റലേഷൻ, ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ എന്നിവ തുടങ്ങി കഴിഞ്ഞു. പുതിയ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങാൻ നടപടി ആരംഭിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷ്യറി കാൻസർ കെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പുതിയ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു.

ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവേദ വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യവകുപ്പ്:

ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ

ആരംഭിക്കുന്നതിന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബും കാർഡിയോളജി യൂണിറ്റും ആരംഭിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജീവിതശൈലിരോഗങ്ങളും സാംക്രമിക രോഗങ്ങളും അടക്കമുള്ള കേരളത്തിന്റെ സമഗ്ര ആരോഗ്യ സർവ്വേ മെഡിക്കൽ വിദ്യാഭ്യാസ ആരോഗ്യ വകുപ്പുകൾ സംയുക്തമായി അന്തർദേശീയ വിദഗ്ധരെയും കൂടി ഉൾപ്പെടുത്തി നടത്താനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. വയനാട്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ പണി പൂർത്തിയായി വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായുള്ള അച്യുതമേനോൻ സെന്ററുമായി ചേർന്ന് വിപുലമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനും പ്രൊമോഷനുകൾ

സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തെ ഉയർന്ന തോതിലുള്ള വാഹനാപകട മരണങ്ങൾ കുറയ്ക്കുന്നതിനുള്ള വിപുലമായ ഒരു ട്രോമ കെയർ പ്രോജക്ട് തയ്യാറാക്കി കേന്ദ്രസഹായം കൂടി ലഭ്യമാക്കി നടപ്പിലാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

ആയുർവേദ വകുപ്പിന് കീഴിൽ നിർഭയ, സാന്ത്വനം എന്നീ പദ്ധതികളും ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ക്ഷേമജനനി, ആയുർമിത്രം, പുനർനവ, ദൃഷ്ടി പദ്ധതികളും നടപ്പിലാക്കിവരുന്നു. ആയുർവ്വേദ ആശുപത്രികളിൽ വൃദ്ധജന പരിപാലന യൂണിറ്റ്, മാനസിക ആരോഗ്യ യൂണിറ്റ് എന്നിവയും പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സ്നേഹധാര പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കരൾരോഗ ചികിത്സയ്ക്കായി കരൾരോഗ മുക്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളും കേന്ദ്രീകരിച്ച് രോഗികൾക്കായി യോഗയൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഹോമിയോപ്പതി വകുപ്പിന് കീഴിൽ സീതാലയം, സദ്ഗമയ, ജെറിയാട്രിക് ക്ലിനിക്, ലഹരി വിമോചന കേന്ദ്രങ്ങൾ, അമ്മയും കുഞ്ഞും പദ്ധതി, ചേതന ഫ്ലോട്ടിംഗ് ഡിസ്പെൻസറി, എല്ലാ ജില്ലകളിലും പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിന്

സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീം, പി.ഡബ്ല്യൂ.ഡി.യുടെ ക്യാപ്പിറ്റൽ ഹെഡ്, കൂടാതെ നബാർഡ് സ്കീം, എം.പി, എം.എൽ.എ. എന്നിവരുടെ ആസ്തിവികസന സ്കീം (LAC-ADS) Legislative Assembly Constituency Asset Development Scheme) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ സ്കീമുകൾ എന്നിവ വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതു കൂടാതെ കാസർഗോഡ് പോലുള്ള പിന്നാക്ക ജില്ലകളിൽ പ്രത്യേക പാക്കേജ് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ആരോഗ്യവകുപ്പിലെ വിവിധ പ്ലാൻ സ്കീമുകളുടെ ഭാഗമായി കാത്ത് ലാബും, കോറോണറി കെയർ യൂണിറ്റും ഡയാലിസിസ് യൂണിറ്റും തുടങ്ങാനും ബ്ലഡ് ബാങ്കുകൾ, ഡെന്റൽ യൂണിറ്റുകൾ, ഫിസിക്കൽ മെഡിസിൻ യൂണിറ്റുകൾ, പബ്ലിക് ഹെൽത്ത് ലാബുകൾ, De-addiction സെന്ററുകൾ എന്നിവയും മെഡിക്കൽ റിക്കാർഡ് വിഭാഗവും ശക്തിപ്പെടുത്താനും മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനും വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ സ്കീമുകളിലായി 521.74 കോടി രൂപയുടെ പദ്ധതികൾ ആരോഗ്യവകുപ്പ് നടത്തിവരികയാണ്.

സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകളും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തനങ്ങൾ KMSCL വഴി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു.

1. കാത്ത് ലാബും, കോറോണറി കെയർ യൂണിറ്റും പത്തെണ്ണം - 80 കോടി.

2. ഡയാലിസിസ് യൂണിറ്റുകൾ 44 – എണ്ണം -69 കോടി.

ദേശീയ ആരോഗ്യ മിഷൻ വഴി മാതൃ-ശിശു ആരോഗ്യസംരക്ഷണത്തിന് ഊന്നൽ നൽകി നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പദ്ധതി ഇനത്തിൽ ആരോഗ്യവകുപ്പിലെ ആശുപത്രികളിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം 32 സ്ഥാപനങ്ങൾക്കായി 48.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയുടെ പ്രൊപ്പോസലുകൾ പി.ഡബ്ല്യൂ.ഡി.യുടെ കെട്ടിട നിർമ്മാണ വിഭാഗംവഴി തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള പ്രക്രിയ നടന്നുവരികയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി അമ്മമാരുടെയും കുട്ടികളുടേയും ആശുപത്രികൾക്ക് 18.3 കോടി രൂപയും താലൂക്ക് ആശുപത്രികളിലെ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്താനായി 16 (പതിനാറ്) കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവയുടെ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി

നൽകുന്നതിനുള്ള പ്രക്രിയ നടന്നുവരികയാണ്. സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങളും പരിശോധന സൗകര്യങ്ങളും വിപുലപ്പെടുത്താനായി 23.75 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ള തലശ്ശേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (50 കോടി), കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിന്റെയും മാസ്റ്റർ പ്ലാൻ (100 കോടി) എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികളും ആരംഭിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ആലപ്പുഴ ഡെന്റൽ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി കമ്മ്യൂണിറ്റി ഡെന്റിസ്ട്രി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങൾ ഉള്ള മൊബൈൽ ഡെന്റൽ ക്ലിനിക്കിന്റെ വാഹനം വാങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ എം.സി.ഐ.യുടെ മാനദണ്ഡമനുസരിച്ചുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 10 കോടി രൂപ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിന്റെ പുതിയ Casualty Block - ന്റെ പണി പൂർത്തിയാക്കാനുള്ള അധികതുക അനുവദിച്ചിട്ടുണ്ട്. ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ

പ്രവർത്തനം തുടങ്ങി ഹൃദയമാറ്റ ശസ്ത്രക്രിയകൾ നടന്നുവരുന്നു.

<u>ആയുഷ് വകുപ്പ്</u>

4. ഹോമിയോ ആശുപത്രികളിലും 4 ആയുർവേദ ആശുപത്രികളിലും 7 ആയുർവേദ ഡിസ്പെൻസറികളിലും 2 ഹോമിയോ ഡിസ്പെൻസറികളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി നാഷണൽ ആയുഷ് മിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

<u>ഭാരതീയ ചികിത്സാ വകുപ്പ്</u>

29 ആശുപത്രികളിൽ 41 തെറാപ്പിസ്റ്റിന്റെ തസ്തികകൾ അനുവദിച്ച് ആശുപത്രി പ്രവർത്തനം സുഗമമാക്കി.

അടിസ്ഥാനസൗകര്യ വികസനത്തിനായി പഞ്ചകർമ്മ ഫിസിയോതെറാപ്പി യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എക്സ്റേ, ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്, സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ശാക്തീകരിച്ചിട്ടുണ്ട്. ഫർണിച്ചറും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ആയുഷ് ഹോസ്പിറ്റൽസ്) നിലവാരത്തിലേയ്ക്ക് സ്ഥാപനങ്ങളെ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ഹോമിയോപ്പതി വകുപ്പ്</u>

70 ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മോഡൽ ഡിസ്പെൻസറിയായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലാ ആശുപത്രികൾക്കായി പുതിയ കെട്ടിട നിർമ്മാണം നടന്നുവരുന്നു.

കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രികൾക്ക് പുതിയ ബ്ലോക്കുകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ എല്ലാംതന്നെ ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകിയിട്ടുള്ളതുമാണ്.

ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജ്ജൻമാരുടെ നിലവിലുള്ള ഒഴിവുകളിൽ 370 പേരെ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിച്ചിട്ടുണ്ട്. നോൺ ജോയിനിങ് പോസ്റ്റുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. 41 അസിസ്റ്റന്റ് സർജന്മാർക്ക് സ്ഥാനക്കയറ്റം നൽകിയും സർവ്വീസ് ക്വാട്ടയിൽ പി.ജി. കഴിഞ്ഞ് തിരിച്ചെത്തിയ ഡോക്ടർമാരെ നിയമിച്ചും സിവിൽ സർജന്മാരുടെ

ഒഴിവുകൾ നികത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ 199 ജൂനിയർ കൺസൾട്ടന്റുമാർക്ക് സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ നിന്ന് സ്ഥിരനിയമനവും 12 പേർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്. കൂടാതെ അഡീഷണൽ ഡയറക്ടർമാരുടെ ഒഴിവുവന്ന മൂന്ന് തസ്തികകളിലേയ്ക്കും ഡെപ്യൂട്ടി ഡയറക്ടർമാരുടെ അഞ്ചു തസ്തികകളിലേയ്ക്കും പ്രൊമോഷൻ വഴി നിയമനം നൽകിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള ശിപാർശകൾ ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒഴിഞ്ഞുകിടന്നിരുന്ന പ്രിൻസിപ്പൽമാരുടെ തസ്തികകളിൽ ഡി.പി.സി. കൂടി നിയമനം നടത്തി. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളും നടന്നു. കൂടാതെ കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ 13 അസിസ്റ്റന്റ് പ്രൊഫസർ, 119 നഴ്സിംഗ് സ്റ്റാഫ്, 14 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II എന്നിവർക്ക് നിയമന ഉത്തരവ് നൽകി. ആയുർവേദ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെ 14 ഡോക്ടർമാരെയും 16 പാരാമെഡിക്കൽ ജീവനക്കാരെയും നാഷണൽ ആയുഷ് മിഷൻ വഴി കരാർ

അടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ആരോഗ്യ മേഖലയിൽ മന്ത്രിയുടെ നേതൃത്വത്തിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അത് മുഴുവൻ റിപ്പോർട്ട് ചെയ്യാൻ സമയമുണ്ടാകുമോ എന്ന സംശയം കൊണ്ടാണ് മറുപടി മേശപ്പുറത്തുവച്ചാൽ മതിയെന്ന് ഞാൻ സൂചിപ്പിച്ചത്. വകുപ്പ് തിരിച്ചുള്ള ചർച്ചയ്ക്കുകൂടി അവസരമുണ്ട്.

<u>ശ്രീ. കെ. ബാബു</u>: സർ, എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യ മേഖലയിലെ സമഗ്ര പദ്ധതികൾ ഇവിടെ മന്ത്രി മറുപടി എന്ന നിലയിൽ പറഞ്ഞത് സ്വാഗതാർഹവും ജനങ്ങൾക്കേറെ ഗുണകരവുമാണ്. കഴിഞ്ഞ 5 വർഷക്കാലമായി രോഗാവസ്ഥയിൽ കിടക്കുന്ന സി.എച്ച്.സി.-യെ താലൂക്ക് നിലവാരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ സാധിക്കുമോ; ഇവിടെ പ്രഖ്യാപിച്ചത് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റും എന്നാണ്. ഇപ്പോൾ മണ്ഡലാടിസ്ഥാനത്തിൽ ഒന്ന് എന്നാണ് പറഞ്ഞിട്ടുള്ളത്. സാധാരണക്കാരും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും അതിവസിക്കുന്ന പ്രദേശത്ത് ജനങ്ങൾക്ക് കൂടുതൽ ചികിത്സ ലഭിക്കുന്നതിനുവേണ്ടി പി.എച്ച്.സി.-കളുടെ എണ്ണം നോക്കാതെ കുടുംബ-ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സി.എച്ച്.സി.-കളിൽ മാത്രമല്ല, എല്ലാ ആശുപത്രികളിലും കണ്ടുവരുന്നത് ബോർഡ് മാറ്റി ചില ആശുപത്രികളെ അപ്ഗ്രേഡ് ചെയ്തു വയ്ക്കുന്നതാണ്. ചില പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി പ്രഖ്യാപിച്ചും മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ഉദ്ഘടാനവും നിർവ്വഹിച്ചിട്ടുള്ളതുമാണ്. അവിടെ ആവശ്യമായിട്ടുള്ള പോസ്റ്റ് ക്രീയേഷനും മറ്റ് പശ്ചാത്തലസൗകര്യങ്ങളുമില്ല. പല ആശുപത്രികളിലും പശ്ചാത്തലസൗകര്യങ്ങളില്ല. മിക്കവാറുള്ള ആശുപത്രികളിൽ പശ്ചാത്തലസൗകര്യങ്ങളൊരുക്കാൻ ശ്രമിച്ചിട്ടുണ്ട്. കാരണം എം.എൽ.എ./എം.പി. ഫണ്ടുകൾ കിട്ടുമ്പോൾ നല്ല കെട്ടിടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അവിടെ പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല. എത്രയോ വർഷങ്ങളായിട്ടുള്ള പോസ്റ്റ് ക്രീയേഷനുകളുടെ മുഴുവൻ ഉത്തരവാദിത്വവും ഈ ഗവൺമെന്റിന്മേലാണ്. എന്നാൽ അതിൽനിന്നും സർക്കാർ പിൻമാറാതെ പോസ്റ്റ് ക്രീയേഷന്റെ കാര്യത്തിൽ ആവശ്യമായ സ്റ്റാഫിനെ നിശ്ചയിക്കാനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. സി.എച്ച്.സി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടിയാണ് പ്രൈമറി, സെക്കന്ററി, ടേറിഷ്യറി എന്നീ വിഭാഗങ്ങളെക്കുറിച്ചും അതിന്റെ അപ്ഗ്രഡേഷനെക്കുറിച്ചും മെച്ചപ്പെടുത്തലിനെക്കുറിച്ചും പറഞ്ഞിട്ടുള്ളത്. ആദിവാസി മേഖലകളിലും തീരദേശ

മേഖലകളിലും സാധാരണയുള്ള പാറ്റേണിൽനിന്നും വ്യത്യസ്ഥമായി ചില ആശുപത്രികൾ നവീകരിക്കേണ്ടതായിവരും. സാധാരണയുള്ള പാറ്റേൺ എന്നുപറയുന്നത് ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി., അതിനുതാഴെ സബ് സെന്ററുകൾ. വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി., താലൂക്കിൽ ഒരു താലൂക്കാശുപത്രി, ജില്ലയിൽ ഒരു ജില്ലാ ആശുപത്രി, ജനറൽ ഹോസ്പിറ്റൽ എന്നിങ്ങനെയാണ് അതിന്റെ ക്രമം. പക്ഷേ, അതെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഒരു ജില്ലയിൽ നാല് ജില്ലാശുപത്രിയുള്ള സ്ഥലങ്ങളുമുണ്ട്. എന്നാൽ ജില്ലാശുപത്രികൾ ഒട്ടും ഫലപ്രദമല്ലാത്ത സ്ഥലങ്ങളുമുണ്ട്. ഒരു താലൂക്ക് ആശുപത്രിയില്ലാത്ത ചില റവന്യൂ താലൂക്ക് പുതിയ വിഭജനത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. അത് ഈ സർക്കാർ പരിഗണിക്കുകയാണ്. മൂന്നും നാലും താലൂക്ക് ആശുപത്രികളുള്ള റവന്യൂ താലൂക്കുകളുമുണ്ട്. ക്രമീകരണം വരുത്താൻ കഴിയാത്ത വിധം ശരിയല്ലാത്ത രീതിയിൽ അപ്ഗ്രഡേഷൻ നടന്നതിന്റെ ഫലവും ഇതിലുണ്ട്. അതിനെയെല്ലാം നിലനിർത്തികൊണ്ട് നിലവിലുള്ള ആശുപത്രികളെ പ്രവർത്തന സജ്ജമാക്കുന്നതിന് സ്റ്റാഫ് ക്രിയേഷൻ, പോസ്റ്റ് ക്രിയേഷൻ നടത്തിയും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഈ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. നാലുമാസം കൊണ്ട് ധാരാളം ആശുപത്രികളുടെ കാര്യത്തിൽ

വ്യത്യാസമുണ്ടായിട്ടുണ്ട്. എന്നാൽ എല്ലാ ആശുപത്രികളും മെച്ചപ്പെട്ട് വരണമെങ്കിൽ ഇനിയും സമയമെടുക്കും.

ശ്രീ. കെ. ബാബു: സർ, മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് ചികിത്സയ്ക്ക് പണമില്ലാതെ മരണം കാത്ത് കഴിയുന്ന ഹതഭാഗ്യരായവർ നമ്മുടെ സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല എന്നുള്ളത് കേരളത്തിലെ മുഖ്യമന്ത്രിയുടെ വാക്കുകളാണ്. അത് ജനങ്ങൾക്കേറെ ആശ്വാസം പകരുന്നുണ്ട്. വൃക്ക, കരൾ, തലച്ചോർ, ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗം ബാധിച്ചവർക്ക് സൗജന്യചികിത്സയും ആരോഗ്യപരിരക്ഷയും നൽകുമെന്ന ഗവൺമെന്റിന്റെ തീരുമാനം എത്രകണ്ട് പ്രാവർത്തികമാക്കാൻ കഴിയുഞ്ഞിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ആറ് മാസത്തിനിടയിൽ ഇത്തരത്തിലുള്ള അസുഖം ബാധിച്ച്, വലിയ ചെലവ് വഹിക്കേണ്ടി വരുന്ന രോഗികൾക്ക് മുഖ്യമന്ത്രിയുടെ സഹായനിധിയിൽനിന്ന് പരമാവധി സഹായം വിതരണം ചെയ്യാൻ തയ്യാറായിട്ടുണ്ട്. അതിന്റെ കണക്കുകൾ പ്രത്യേകിച്ച് വേണമെങ്കിൽ ശേഖരിക്കാം. അതിനുപുറമേയാണ് മുഖ്യമന്ത്രിയുടെ അഭിപ്രായത്തോടുകൂടി ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി കൊണ്ടുവരികയും ഇത്തരത്തിലുള്ള മാരകരോഗങ്ങൾ ബാധിക്കുന്നവർക്ക്, വരുമാനം കുറഞ്ഞവർക്ക്

സൗജന്യ ചികിത്സ കേരളത്തിൽ ഉറപ്പുവരത്താൻ ഒരു ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ആ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മാരകരോഗം ബാധിക്കുന്നവർക്ക്, പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാകാൻ സാധിക്കും.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, മെഡിക്കൽ കോളേജുകളെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ആശുപത്രിയെ സംബന്ധിച്ചും മെഡിക്കൽ കോളേജിനെ സംബന്ധിച്ചും എല്ലാ വകുപ്പുകളെ സംബന്ധിച്ചും ഒരുപാട് പരാതികൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ ഒരുപാട് ഒഴിവുകൾ നികത്താതെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിയമനം ലഭിച്ചാലും ഡോക്ടർമാർ വരുന്നില്ല എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറേപേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിനും കുറേ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് പരിഹരിക്കുന്നതിനെക്കുറിച്ച് കാസർഗോഡ് ജില്ലയിലെ എം.എൽ.എ.മാർ എല്ലാവരും ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതാണ്. 100 ശതമാനം പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഒരു പ്രധാനകാര്യം, സെൻട്രൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിക്കുകയുണ്ടായി. അതിനായി 60 ഏക്കർ സ്ഥലം പ്ലാന്റേഷൻ

കോർപ്പറേഷൻ നീക്കിവച്ചതുമാണ്. ഇതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ല. പ്രസ്തുത കോളേജ് ആരംഭിച്ചാൽ ഫീസ് മുഴുവനും ചെലവഴിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിലെ ഗവൺമെന്റും വകുപ്പുമന്ത്രിയും ഇടപെട്ട് പ്രസ്തുത കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചാൽ കാസർഗോഡ് ജില്ലയ്ക്ക് ഏറ്റവും വലിയ ഉപഹാരമായിരിക്കും. സംസ്ഥാന സർക്കാരിന് ഒരു ബാദ്ധ്യതയും ഉണ്ടാകില്ല. അത് കൊണ്ടുവരുന്നതിന് ബഹുമാനപ്പെട്ട മന്ത്രി അടിയന്തര നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നിയമനം നടത്തിയതിൽ കാസർഗോഡ് ജില്ലയിൽ വളരെ കുറച്ച് ഡോക്ടർമാരെ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഡോക്ടർമാരെ നിയമിച്ചാലും കാസർഗോഡ്, വയനാട് ജില്ലകളിൽ ജോയിന്റ് ചെയ്ത് പിന്നീട് ലീവെടുത്ത് പോകുന്ന അവസ്ഥയാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. അത് തടയുന്നതിന് ഗവൺമെന്റ് ചില കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ഈ കൂട്ടത്തിൽതന്നെ കാസർഗോഡ് ജില്ലയിൽ ഡോക്ടർമാരെ കൊടുക്കാൻ സാധിച്ചിട്ടുണ്ട്, പക്ഷേ വേണ്ടത്രയായില്ല. അത് പരിശോധിച്ചുകൊണ്ട് വീണ്ടും ആറുമാസം കഴിയുമ്പോൾ ഈ ഒഴിവുകളിലെല്ലാം നിയമനം നടത്താൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. അത് കുറച്ച് ബുദ്ധിമുട്ടുള്ള

കാര്യമാണ്. കാരണം ആരോഗ്യ മേഖലയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ വേണ്ടത്ര കിട്ടുന്നില്ല എന്നുള്ള അവസ്ഥയുമുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായി നിയമനം ലഭിക്കുന്നവർക്ക് മൂന്നുവർഷം കേരളത്തെ സേവിച്ചിട്ട് മാത്രമേ നിങ്ങൾ വെളിയിലേയ്ക്ക് പോകാവൂ എന്നുള്ള നിബന്ധയാണ് പ്രോസ്പെക്ടസിൽ വച്ചിരിക്കുന്നത്. അത് പ്രാവർത്തികമാകുമ്പോൾ, രണ്ട് കൊല്ലം കഴിയുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നാണ് കരുതുന്നത്. അതിനുമുമ്പ് തന്നെ ഞങ്ങൾ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കണ്ടുപിടിച്ച് നിയമിക്കാനുള്ള പ്രയത്നം ഇപ്പോൾ നടത്തിവരികയാണ്. മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ഒരു ചോദ്യത്തിന് മറുപടിയായി മുമ്പ് സഭയിലെ പറഞ്ഞിട്ടുള്ളതാണ്. നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുക എന്നതാണ് സർക്കാർ ഒന്നാമതായി പരിഗണിക്കുന്നത്. അതിലും കുറേ കാര്യങ്ങൾ ചെയ്യേണ്ടതായുണ്ട്. ഇതുസംബന്ധിച്ച് വളരെ വിശദമായി ഞാൻ ഇവിടെ പറഞ്ഞതാണ്. അതുകൊണ്ട് ആവർത്തിക്കുന്നില്ല. പുതിയ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് ഒരു സൗകര്യവുമില്ലാതെ അവിടെ അഡ്മിഷൻ നടത്തിയിരുന്നു. അതിന്റെ പ്രവർത്തനമല്ലാം മുടങ്ങിക്കിടക്കുകയാണ്. രണ്ടാമത് പരിഗണന കൊടുത്തുകൊണ്ട് ഇടുക്കി മെഡിക്കൽ കോളേജ് സന്ദർശിക്കുകയുണ്ടായി. അതിന്റെ

പ്രവർത്തനം ആരംഭിക്കാൻ നോക്കുമ്പോൾ ഫണ്ട് വളരെ കുറച്ചുമാത്രമേയുള്ളൂ. അവിടെ വലിയ ഫണ്ട് ചെലവാക്കിയാൽമാത്രമേ അതിനെ മെഡിക്കൽ കോളേജ് ആക്കി മാറ്റാൻ സാധിക്കുകയുള്ളൂ. ഇപ്രാവശ്യം പ്രസ്തുത കോളേജിന് എം.സി.എ.-യുടെ അംഗീകാരം ലഭിച്ചില്ല. കാരണം രണ്ടുതവണ അഷ്വറൻസ് കൊടുത്തു പക്ഷേ അഷ്വറൻസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ അക്കാഡമിക് ബ്ലോക്കും മറ്റ് സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിട്ടുള്ള മെഡിക്കൽ കോളേജിന് ഒരു തുടക്കം കുറിച്ചുവെന്നുള്ളതല്ലാതെ അവിടെ അതിനാവശ്യമായ യാതൊരു സൗകര്യവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായ മെഡിക്കൽ കോളേജ് സംബന്ധിച്ചുള്ള വിശദാംശം ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് അന്വേഷിച്ച് തീരുമാനിക്കാം.

ശ്രീ. ആർ. രാജേഷ്: സർ, ആരോഗ്യമേഖലയിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന്റെ നല്ലഫലം കേരളത്തിന്റെ ആരോഗ്യരംഗത്ത് പ്രതിഫലിക്കുന്നുണ്ട്. ആരോഗ്യമേഖലയിൽ നടപ്പിലാക്കിവരുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത് അഭിനന്ദനാർഹമാണ്. ഡോക്ടർമാരെ നിയമിക്കുയെന്നുള്ളതാണ് ഏറ്റവും

പ്രധാനാപ്പെട്ടപ്പെട്ട പ്രശ്നം. ഗവൺമെന്റും എം.എൽ.എ. മാരും ചേർന്ന് അടിസ്ഥാനസൗകര്യം ഒരുക്കുന്നുണ്ട്. ദീർഘവർഷങ്ങളായി താലൂക്ക് ആശുപത്രികളിൽ നിന്ന് ജില്ലാ ആശുപത്രികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തിയ ആശുപത്രികൾക്കുപോലും മതിയായ നിലയിൽ താലൂക്ക് ആശുപത്രികളുടെ നിലവാരത്തിലുള്ള ഡോക്ടർമാരില്ലെന്നതാണ് പ്രധാനപ്പെട്ട വസ്തുത. മാവേലിക്കര, കായംകുളം, ചെങ്ങന്നൂർ അടക്കമുള്ള ജില്ലാ ആശുപത്രികളിൽ മതിയായ ഡോക്ടർമാരെ ലഭ്യമാകുന്നില്ല. പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജില്ലാ ആശുപത്രികളെ പ്രധാനമായിക്കണ്ട്, അടിയന്തരമായി പോസ്റ്റ് ക്രിയേഷൻ നടത്താനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പോസ്റ്റ് ക്രിയേഷനുള്ള ഫയൽ ധനകാര്യവകുപ്പിലേക്ക് അയച്ചുകൊണ്ടിരിക്കുകയാണ്. കുറച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്ത കാര്യം ഞാൻ നേരത്തെ പറയുകയുണ്ടായി. ബാക്കി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനുള്ള ഫയലുകളാണ് ധനകാര്യവകുപ്പിലേയ്ക്ക് അയച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിൽ നിന്നും അംഗീകാരം കിട്ടുമെന്നും പോസ്റ്റ് ക്രിയേഷൻ നടക്കുമെന്നും തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. പോസ്റ്റ് ക്രിയേഷന് അംഗീകാരം

ലഭിക്കുമ്പോൾ ഈ വിഷയം പരിഹരിക്കാൻ സാധിക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഫറോക്ക് ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുകയും സൂപ്രണ്ടടക്കം 9 ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുകയും ചെയ്തിട്ട് ഒന്നരവർഷമായി. സൗകര്യങ്ങളെല്ലാമുണ്ടായിട്ടും കഴിഞ്ഞ ഓഗസ്റ്റ് മാസം വരെ ഉച്ചവരെയാണ് അവിടെ പ്രവർത്തനം നടന്നുകൊണ്ടിരുന്നത്. പാരാമെഡിക്കൽ സ്റ്റാഫിൽ ഒരാളിന്റെ കുറവുണ്ടെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. എച്ച്.എം.സി. ചേർന്ന് താൽക്കാലികമായി പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചെങ്കിലും കിടത്തിച്ചികിത്സ ശരിയായ രീതിയിൽ നടക്കുന്നില്ല. അതിനുകാരണമായി പറയുന്നത്, ഒരു ഡോക്ടറിന്റെ കുറവുണ്ടെന്നും ഉള്ളതിൽ രണ്ടുപേർ ലീവിലാണെന്നുമാണ്. കൂടാതെ കാഷ്വാലിറ്റിയിൽ മെഡിക്കൽ ഓഫീസറില്ല. ഉച്ചയ്ക്കുശേഷം അവിടെ ഒരു ഡോക്ടറുണ്ടെങ്കിൽ കുറേ ആളുകൾക്ക് ചികിത്സ ലഭിക്കും. ഒരു ഡോക്ടറെ നിയമിക്കുകയോ അല്ലെങ്കിൽ പല്ല്, എല്ല് തുടങ്ങിയ വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടറിനെ ഒഴിവാക്കി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറെ നിയമിക്കുകയോ ചെയ്താൽ അവിടെയുള്ള സൗകര്യങ്ങൾ സാധാരാണക്കാർക്ക് ചികിത്സയ്ക്കുവേണ്ടി ഉപയോഗിക്കാൻ

സാധിക്കും. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി ഉണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഫറോക്ക് ആശുപത്രിയുടെ കാര്യം ഗവൺമെന്റ് പരിശോധിച്ചതാണ്. 4 ഡോക്ടർമാർ ഉണ്ടെങ്കിൽ മാത്രമേ നൈറ്റ്ഡ്യൂട്ടിയടക്കം കൊടുക്കാൻ സാധിക്കുകയുള്ളൂ. നിശ്ചയിച്ചിരുന്ന 4 ഡോക്ടർമാരിൽ ഒരാൾ ലീവ് ആയതിനാൽ അവിടെ സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണ്. അടിയന്തരമായി പകരം ഒരാളെ നിയമിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ രീതിയിൽ കാഷ്വാലിറ്റി സംവിധാനമടക്കം തുടങ്ങുന്നതിനുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, എന്റെ മണ്ഡലത്തിലാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. അവിടെ, ഏറ്റവും പ്രധാനപ്പെട്ട ക്യാൻസർ ആശുപത്രിയിൽ റേഡിയേഷൻ മെഷീൻ കേടായിട്ട് രണ്ടുമാസമായി. റേഡിയേഷൻ വേണ്ടിവരുന്ന രോഗികളെ എറണാകുളം, കോഴിക്കോട് ജില്ലകളിലെ ആശുപത്രികളിലേയ്ക്ക് പറഞ്ഞുവിടുകയാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട, മറ്റ് സ്ഥലങ്ങളിലേയ്ക്ക് യാത്ര

ചെയ്യാൻ കഴിയാത്ത, ഏറ്റവും അനുകമ്പ അർഹിക്കുന്ന ക്യാൻസർ രോഗികൾക്ക് റേഡിയേഷൻ ചെയ്യാൻ കഴിയുന്നില്ലെന്നുള്ളതാണ്. അതുകൊണ്ട് അത്തരം രോഗികളെ മറ്റ് ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിനുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനും അതിനുള്ള ചെലവ് വഹിക്കുന്നതിനും അടിയന്തരമായി റേഡിയേഷൻ മെഷീൻ നന്നാക്കുന്നതിനും പുതിയ റേഡിയേഷൻ മെഷീൻ വാങ്ങുന്നതിനും നിലവിലുള്ള സംവിധാനത്തിന് പകരം പുതിയ സംവിധാനം ഉണ്ടാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പറും ഞാനും ഉൾപ്പെടെയുള്ള സംഘം തൃശ്ശൂർ മെഡിക്കൽ കോളേജ് സന്ദർശിച്ചതാണ്. അവിടെ കൊബാൾട്ട് റേഡിയേഷൻ മെഷീനാണ് കാലാകാലമായിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അത് പലതവണ കേടായിട്ടുണ്ട്. അപ്പോഴെല്ലാം അതിന്റെ സോഴ്സ് മാറ്റിവച്ച് നന്നാക്കുകയാണ് ചെയ്തത്. പക്ഷേ വർഷങ്ങളായി പഴക്കമുള്ള മെഷീനായതിനാൽ എത്ര നന്നാക്കിയാലും അടുത്തുതന്നെ കേടാവുകയാണ് ചെയ്യുന്നത്. ഈ വിഷയം മനസ്സിലാക്കി അവിടെ പോകുന്നതിനുമുമ്പുതന്നെ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കാനുള്ള

തീരുമാനവും ശ്രീ. അനിൽ അക്കരയടക്കം അവിടെ സന്ദർശിച്ചതിനുശേഷം കൊബാൾട്ട് റേഡിയേഷൻ മെഷീൻ നന്നാക്കാനുള്ള തീരുമാനവും ഗവൺമെന്റ് എടുത്തിട്ടുണ്ട്. ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചുവെങ്കിലും അത് സ്ഥാപിച്ചെടുക്കാൻ ഒരുവർഷം വേണ്ടിവരും. കൊബാൾട്ട് മെഷീൻ നന്നാക്കുന്നതിനുള്ള സോഴ്സ് കിട്ടാനുള്ള സാങ്കേതികമായ താമസമേ ഉണ്ടാവുകയുള്ളൂ. ഒരു മാസത്തിനുള്ളിൽ കൊബാൾട്ട് മെഷീൻ നന്നാക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. അനിൽ അക്കര: സർ, തൃശ്ശൂർ ജില്ലയിൽ നിന്നും രോഗികളെ മറ്റുജില്ലകളിലേയ്ക്ക് കൊണ്ടുപോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് മെച്ചപ്പെടുത്താൻ നമ്മൾ ഒരുമിച്ചെടുത്ത എല്ലാ തീരുമാനങ്ങളും ഓരോന്നായി നടപ്പിലാക്കുന്നതാണ്; വാഹന സൗകര്യവും ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, 25 വർഷം മുമ്പാണ് എന്റെ നിയോജകമണ്ഡലമായ പത്തനാപുരത്ത് പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയത്. ആവശ്യമായ ഡോക്ടർമാരെപ്പോലും നിയമിക്കാതെ 25 വർഷം കടന്നുപോയി. രണ്ടുവർഷം മുമ്പ് പത്തനാപുരം

താലൂക്കായി മാറി. ആ താലൂക്കിൽ ഇപ്പോഴും ഒരു താലൂക്കാശുപത്രി ഉണ്ടായിട്ടില്ല. കഴിഞ്ഞ 15 വർഷമായി മാറിമാറി വരുന്ന മന്ത്രിമാരോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആളെത്തരണമെന്ന് ഞാൻ ആവശ്യപ്പെട്ടു. ഇപ്പോൾ താലൂക്കിന് വേണ്ടി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ, എന്നത്തേയ്ക്ക് ലഭിക്കുമെന്നൊരു തീരുമാനം പറയാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു താലൂക്കിൽ താലൂക്കാശുപത്രി വേണം. എന്നാൽ പത്തനാപുരത്ത് താലൂക്കാശുപത്രിയില്ല. പത്തനാപുരത്തെ സി.എച്ച്.സി. യെ താലൂക്കാശുപത്രിയായി ഉയർത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അത് അടിയന്തരമായി പ്രാവർത്തികമാക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ 3-ഉം 18-ഉം ക്ലബ് ചെയ്യാനുള്ള റിക്വസ്റ്റ് അംഗീകരിക്കുന്നതുകൊണ്ട് കൂടുതൽ ഉപചോദ്യങ്ങൾ അനുവദിക്കുന്നില്ല.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

(*3) ശ്രീ.ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:

ശ്രീ. വി.എസ്. ശിവകുമാർ:

ശ്രീ. കെ. എസ്. ശബരിനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് ഈ വർഷം മെരിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. സീറ്റുകളിൽ എത്ര രൂപയാണ് ഫീസ് ആയി നിശ്ചയിച്ചിട്ടുള്ളതെന്നും കഴിഞ്ഞ അദ്ധ്യയനവർഷം ഇത് എത്ര രൂപയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് ഈ വർഷം സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി ഒപ്പുവച്ച കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മെരിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കരാറിൽ ഏർപ്പെടുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ഡി) മെരിറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകണമെന്ന നിർദ്ദേശം പരിഗണിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ): സർ,

(എ) 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സിന് താഴെപ്പറയുംപ്രകാരം ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2015-16 അദ്ധ്യയന വർഷം

14.07.2015-ലെ സ.ഉ.(സാധാ) നം. 2192/2015/ആ.കു.വ (അനുബന്ധം-I)

| | |
|---|---|
| മെരിറ്റ് സീറ്റ് | - 1,85,000/- രൂപ |
| മാനേജ്മെന്റ് സീറ്റ് | - 8,50,000/- രൂപ |
| എൻ.ആർ.ഐ. സീറ്റ് | - 12,50,000/- രൂപ |

2016-17 അദ്ധ്യയന വർഷം

01.09.2016-ലെ സ.ഉ.(സാധാ) നം. 2463/2016/ആ.കു.വ (അനുബന്ധം 2)

| | |
|---|---|
| മെരിറ്റ് സീറ്റ് | - 2,50,000/- രൂപ |
| ബി.പി.എൽ-എസ്.ഇ.ബി.സി | - 25,000/- രൂപ |
| മാനേജ്മെന്റ് സീറ്റ് | - 11,00,000/- രൂപ |
| എൻ.ആർ.ഐ. സീറ്റ് | - 15,00,000/- രൂപ |

സർക്കാർ ഈ നിലപാട് എടുത്തതിന്റെ ഭാഗമായി ആകെയുള്ള 23 സ്വാശ്രയ കോളേജ് മാനേജ്മെന്റുകളിൽ 20 എണ്ണം സർക്കാരുമായി ധാരണയിൽ എത്തുകയും അതിന്റെ ഫലമായി സർക്കാരിന് സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് മെരിറ്റ് സീറ്റുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും സാധിച്ചു. 2015-16-ൽ 1650 സീറ്റുകളിലാണ് സർക്കാരുമായി എഗ്രിമെന്റ് ഉണ്ടായത്. കോളേജുകളിൽ സർക്കാരുമായി എഗ്രിമെന്റ് വെക്കാതിരിക്കുകയും മുഴുവൻ സീറ്റുകളിലും വലിയ ഫീസ് ഈടാക്കുകയും ചെയ്തിരുന്നു. ഇതിൽ തന്നെ ഗവൺമെന്റിന് വിട്ടുകിട്ടിയ സീറ്റുകളുടെ എണ്ണം 800 ആയിരുന്നു. 2016-17-ൽ ആകെ 2450 സീറ്റുകളിൽ ഗവൺമെന്റുമായി കാരാറിലെത്തിയത് 2250 സീറ്റുകളിലാണ്. ഇതിൽ 1100 മെരിറ്റ് സീറ്റുകൾ ഗവൺമെന്റിന് ലഭ്യമായി. ബി.പി.എൽ കാറ്റഗറിയിൽ കഴിഞ്ഞ വർഷം 115 സീറ്റ് മാത്രം ഉണ്ടായിരുന്നത് ഈ വർഷം 157 ആയി. എസ്.ഇ.ബി.സി മുൻവർഷം 214 ഉണ്ടായിരുന്നത് ഈ വർഷം 292 ആയി. അതായത് ബി.പി.എൽ-എസ്.ഇ.ബി.സി ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മുൻവർഷം 329 ആയിരുന്നെങ്കിൽ ഈ വർഷം 449 ആണ്. മെരിറ്റ് സീറ്റിന്റെ എണ്ണത്തിൽ മുൻവർഷത്തേതിനെക്കാൾ ഗണ്യമായ

വർദ്ധനവ് ഉണ്ടായതായി കാണാം. ഇത്തവണ മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ കോളേജുകൾ സർക്കാരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. വിദ്യാർത്ഥി പ്രവേശനത്തിന് ഇത്തവണ മെരിറ്റ് മാത്രമായിരുന്നു മാനദണ്ഡം.

സർക്കാർ ഈ നിലപാട് എടുത്തതിന്റെ ഭാഗമായി മെരിറ്റ് സീറ്റിൽ വമ്പിച്ച വർദ്ധനവുണ്ടായി. മാനേജ്മെന്റുമായി കാരാർ ഒപ്പുവച്ചതിന്റെ ഭാഗമായി മെരിറ്റ് സീറ്റിൽ വൻതോതിലുള്ള വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ തവണത്തെക്കാൾ ബി.പി.എൽ. മെരിറ്റ് സീറ്റിൽ തന്നെ 120 സീറ്റിന്റെ വർദ്ധനവുണ്ടയി. അതുപോലെ മൊത്തം മെരിറ്റ് സീറ്റ് കഴിഞ്ഞ തവണ 750 ആയിരുന്നെങ്കിൽ ഇത്തവണ അത് 1150 ആയി വർദ്ധിച്ചു. വലിയ തോതിലുള്ള വർദ്ധനവാണ് മെരിറ്റ് സീറ്റിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

(ബി) അനുബന്ധം 3 ആയി+ ചേർത്തിട്ടുണ്ട്.

(സി) അത്തരത്തിൽ ഒരു കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല.

(ഡി) തൽക്കാലം പരിഗണനയിലില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയ മേഖല

(*18)

ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ആൻസലൻ:
പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ മേഖലയിൽ ഏതാനും വർഷങ്ങളായി നിലനിന്നുവന്നിരുന്ന അനഭിലക്ഷണീയമായ പ്രവണതകൾ ഇല്ലാതാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യതമാത്രം മാനദണ്ഡമാക്കാൻ സാധിച്ചിട്ടുണ്ടോ, എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ;

(സി) ഫീസ് നിർണ്ണയത്തിലെ അപാകത ഇല്ലാതാക്കുന്നതിനായി കോടതി ഉത്തരവുപ്രകാരം നിയോഗിച്ചിട്ടുള്ള 'പ്രവേശന മേൽനോട്ട ഫീസ് നിയന്ത്രണ സമിതി'യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഫിലിയേഷൻ പ്രക്രിയ കർശനമാക്കാനും നടപടിയെടുക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ): സർ,

(എ & ബി) ഈ വർഷം മുതൽ 50% മാനേജ്മെന്റ് സീറ്റുകളിൽ നീറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. മേൽപ്പറഞ്ഞ മാനേജ്മെന്റ് സീറ്റുകളിൽ (35 എണ്ണത്തിൽ) നീറ്റിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റും സർക്കാരുമായി ധാരണയിലായ ഫീസ് നൽകുവാൻ സന്നദ്ധരായ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ മാനേജ്മെന്റുകൾ നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിൻ പ്രകാരം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതുമാകുന്നു. ഈ ഒരു രീതി തുടരുന്നതിനാൽ വിദ്യാർത്ഥികളുടെ നീറ്റ് റാങ്ക് മാനദണ്ഡമാക്കിയാണ് മാനേജ്മെന്റ് സീറ്റുകളിൽപ്പോലും പ്രവേശനം നൽകിവരുന്നത്. ഇത്തവണ ഒരു പുതിയ സംവിധാനമാണുണ്ടായത്. മെഡിക്കൽ സീറ്റുകളിൽ നീറ്റിൽ നിന്ന് പ്രവേശനം നടത്തണമെന്ന് സുപ്രീംകോടതി വിധിയും കേന്ദ്രഗവൺമെന്റ് തീരുമാനവും വന്നു. ഇവിടെ കീമിൽ കേരള എൻട്രൻസ് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് സന്നദ്ധമായിരുന്നു. മാനേജ്മെന്റിന്റെ 50% മെറിറ്റ് സീറ്റുകളിലും, ഗവൺമെന്റ് കോളേജുകളിലും കേരള എൻട്രൻസ് ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ അനുവാദം നൽകണമെന്ന് സംസ്ഥാന സർക്കാർ സുപ്രീംകോടതിയോടാവശ്യപ്പെട്ടു. അതിന്റെ

അടിസ്ഥാനത്തിൽ, ഗവൺമെന്റ് മെറിറ്റ് സീറ്റുകളിലും മാനേജ്മെന്റിന്റെ 50% മെറിറ്റ് സീറ്റുകളിലും കേരള എൻട്രൻസ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നൽകാൻ ഓർഡിനൻസിൽത്തന്നെ സുപ്രീംകോടതി അനുവാദം നൽകിയതിന്റെ ഫലമായാണ്..

ശ്രീ. വി. ഡി.സതീശൻ: ചോദ്യത്തിനുള്ള മറുപടിയല്ല പറയുന്നത്.

മി. സ്പീക്കർ: മന്ത്രി എന്തുപറയണമെന്ന് ചെയറിന് നിർദ്ദേശിക്കാൻ സാധിക്കില്ല. ഉത്തരം പറയണമെന്ന് മാത്രമെ ചെയറിന് പറയാൻ സാധിക്കുകയുള്ളൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഉത്തരമാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് എനിക്ക് മൈക്ക് തരുന്നില്ലല്ലോ. നേരത്തെ ഞാൻ മുഖ്യമന്ത്രിയോട് സംസാരിച്ചപ്പോഴും മൈക്ക് തന്നില്ല. സാധാരണ ഗതിയിൽ റിട്ടൺ ആൻസർ മന്ത്രിമാർ വായിക്കും. പിന്നീട് ഉപചോദ്യങ്ങൾ വരുമ്പോൾ വിശദമായ മറുപടി പറയും. ഇവിടെ ബഹുമാന്യയായ മന്ത്രി, മുഴുവൻ കാര്യങ്ങളും പ്രസംഗിക്കുകയാണ്. ആകെ ഒരു മണിക്കൂറാണ് ചോദ്യോത്തര സമയം എന്നുപറയുന്നത്. ഇക്കാര്യത്തിൽ അംഗങ്ങൾക്ക് സംരക്ഷണം വേണം.

മി. സ്പീക്കർ: ഉത്തരങ്ങൾ പരമാവധി ചുരുക്കി പറയേണ്ടതാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ ഈ ഉത്തരം ചുരുക്കാം. ഉപചോദ്യം വരുമ്പോൾ വിശദമായ മറുപടി പറയാം. എ യും ബി യും ആണ് ഞാൻ ആദ്യം വായിച്ചത്.

(സി) കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കഴിഞ്ഞ കാലങ്ങളിലൊക്കെ 25% കുട്ടികൾക്ക് 25,000 രൂപ ഫീസ് നൽകി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള നടപടിയുണ്ടായിരുന്നു. പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു തീരുമാനം ഉണ്ടായിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതോടുകൂടി സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ.മാർ കാര്യങ്ങൾ മനസ്സിലാക്കി സഭയിൽ സംസാരിക്കുന്നതാണ് ഉചിതമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റ്, മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ ഈ മേശപ്പുറത്ത് വയ്ക്കുന്നുണ്ട്. ... (ബഹളം) മറുപടി പറയാൻ എന്നെ അനുവദിക്കണം. ഞാൻ നിങ്ങളെ ചോദ്യം ചോദിക്കാൻ അനുവദിച്ചല്ലോ.

ഉത്തരം പറയുന്നത് നിർത്തി, നിങ്ങളെ ചോദ്യം ചോദിക്കാൻ അനുവദിച്ചിട്ടുണ്ട്. ഏതു ചോദ്യത്തിനും മറുപടി പറയാൻ ഞങ്ങൾ തയ്യാറാണ്. മറുപടി പറയുമ്പോൾ കേൾക്കാനുള്ള സന്മനസ്സ് പ്രതിപക്ഷം കാണിക്കണം. ഇത്തവണ ഒരു പ്രത്യേക സാഹചര്യമാണ്. അതാണ് ഞാൻ നേരത്തെ ഇവിടെ വിശദീകരിക്കാൻ ശ്രമിച്ചത്. നീറ്റ് മെറിറ്റിൽനിന്ന് അഡ്മിഷൻ നൽകണമെന്നുവന്ന സാഹചര്യത്തിൽ മാനേജ്മെന്റിന്റെ 50% സീറ്റിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കേരള എൻട്രൻസ് ലിസ്റ്റിലെ മെറിറ്റിൽനിന്ന് അഡ്മിഷൻ നൽകാനുള്ള അനുവാദം സുപ്രീംകോടതി നൽകുകയുണ്ടായി. ബാക്കിവരുന്ന 50% സീറ്റുകളിൽ മാനേജ്മെന്റിന് നീറ്റിൽനിന്ന് അലോട്ട്മെന്റ് നടത്താമെന്ന സ്ഥിതി വന്നപ്പോൾ ഞങ്ങൾ വളരെ പെട്ടെന്ന് ഇടപെടുകയും മുഴുവൻ സീറ്റുകളിലും കേരള ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുമെന്ന് മാനേജ്മെന്റുകളോട് പറയുകയും ചെയ്തു. കമ്പൈൻഡ് അലോട്ട്മെന്റ് നടത്തിക്കൊണ്ട് എല്ലാ സീറ്റുകളിലേയ്ക്കുമുള്ള അലോട്ട്മെന്റും കേരള ഗവൺമെന്റ് നടത്തുമെന്ന് പറഞ്ഞപ്പോൾ സീറ്റ് അലോട്ട്മെന്റ് ചർച്ചയിൽനിന്ന് മാനേജ്മെന്റ് ഇറങ്ങിപ്പോകുകയാണുണ്ടായത്. അവർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, എല്ലാ സീറ്റുകളിലും മാനേജ്മെന്റിന് അലോട്ട്മെന്റ് നടത്താമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയും ചെയ്തു. പക്ഷെ വീണ്ടും

മാനേജ്മെന്റുകൾ ചർച്ചയ്ക്കുവരികയും 50% മെറിറ്റ് സീറ്റും ഗവൺമെന്റിലേയ്ക്ക് സറണ്ടർ ചെയ്യാൻ തയ്യാറാകുകയും ചെയ്തു. ആ സമയത്ത് ഒരു ഫീസ് ഘടന നിശ്ചയിക്കണമെന്നാവശ്യമുയർന്നതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഫീസ് ഘടന നിശ്ചയിച്ചിട്ടുള്ളത്. പുതിയ ഫീസ് ഘടന അനുസരിച്ച് ബി.പി.എൽ./ എസ്.ഇ.ബി.സി. കാറ്റഗറിയിൽ 25,000/- രൂപയ്ക്കാണ് കുട്ടികൾ പഠിക്കുന്നത്. കഴിഞ്ഞ തവണ 1,85,000/- രൂപ ഫീസുണ്ടായിരുന്ന 50 ശതമാനം സീറ്റുകളിൽ (30 സീറ്റുകളിൽ) സാധാരണഗതിയിൽ എല്ലാതവണയും ഫീസ് വർദ്ധിക്കുന്നതനുസരിച്ച് വർദ്ധിച്ചാൽ ഇത്തവണ 2,03,000/- മായി മാറുമായിരുന്നത് ഇത്തവണ 2,50,000/- രൂപയായി ഫിക്സ് ചെയ്തു. 329 സീറ്റുകളാണ് കഴിഞ്ഞ തവണ സർക്കാർ എഗ്രിമെന്റ് വച്ച് എസ്.ഇ.ബി.സി./ബി.പി.എൽ. കാറ്റഗറിയിലുണ്ടായിരുന്നതെങ്കിൽ അത് ഇത്തവണ 449 ആയി വർദ്ധിച്ചു. എനിക്ക് രക്ഷിതാക്കൾ തന്ന ഒരു പരാതിക്കകത്ത് പറയുന്നത് കഴിഞ്ഞ തവണ മെറിറ്റിൽ 2101 റാങ്കുണ്ടായിരുന്ന ഒരു കുട്ടിക്ക് എം.ബി.ബി.എസ്സ്.-ന് അഡ്മിഷൻ ലഭിച്ചില്ല. അതിനുപകരം... (ബഹളം) ചോദ്യത്തിന് ഉത്തരമാണ് പറയുന്നത്. എന്ത് നടപടി സ്വീകരിച്ചുവെന്ന് ചോദിച്ചാൽ ഉപോത്ബലകമായ കാര്യങ്ങൾ എനിക്ക് പറയേണ്ടതായി വരും. അവർക്ക് ബി.ഡി.എസ്സ്.-നാണ് അഡ്മിഷൻ ലഭിച്ചത്. ഇത്തവണ മെറിറ്റ് സീറ്റിന്റെ എണ്ണം

വർദ്ധിച്ചപ്പോൾ ഇതിനേക്കാൾ താഴെയുള്ള റാങ്ക്കാർക്ക് എം.ബി.ബി.എസ്സ്.-ന് അഡ്മിഷൻ ലഭിച്ചിരിക്കുന്നു. രക്ഷിതാക്കളും കുട്ടികളും സംതൃപ്തരാണ്. കാരണം കൂടുതൽ മെറിറ്റ് സീറ്റുകൾ വന്നതുകൊണ്ട് ധാരാളം കുട്ടികൾക്ക് മെറിറ്റ് സീറ്റുകളിൽ പഠിക്കാനുള്ള അവസരം ഈ ഗവൺമെന്റ് സൃഷ്ടിച്ചുവെന്നുള്ളതാണ്. കഴിഞ്ഞ തവണ 6 മെഡിക്കൽ കോളേജുകൾ കഴിഞ്ഞ സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാതെ 100 സീറ്റുകളിലും 5 ലക്ഷം രൂപ മുതൽ 15 ലക്ഷം വരെ രൂപ വാങ്ങിയവരുണ്ട്. എസ്.ഇ.ബി.സി../ബി.പി.എൽ. മെറിറ്റ് ഒന്നുമില്ലാതെ, 6 മാനേജുമെന്റുകൾ സർക്കാരുമായി സന്ധിചെയ്യാതെ തോന്നിയതുപോലെ ഫീസ് ഈടാക്കുകയും ക്യാപിറ്റേഷൻ ഫീ വാങ്ങുകയും ചെയ്തു. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് എം.എൽ.എ. അന്ന് അസംബ്ലിയിൽ ഈ പ്രശ്നം ഉന്നയിച്ചതിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. അതിന് ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞ ഉത്തരവും എന്റെ കയ്യിലുള്ള രേഖയിലുണ്ട്. ഞാനത് മേശപ്പുറത്ത് വയ്ക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷത്തെപ്പോലെ ഇത്രയേറെ മെറിറ്റ് സീറ്റിന്റെ എണ്ണം കുറഞ്ഞ വർഷമുണ്ടായിട്ടില്ല. കുട്ടികൾക്ക് നല്ല റാങ്ക് ലഭിച്ചിട്ടും എം.ബി.ബി.എസ്സ്.-ന് അഡ്മിഷൻ ലഭിക്കാൻ പ്രയാസപ്പെട്ടിരുന്ന ഒരു സാഹചര്യമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത്. അതെല്ലാം പരിഹരിച്ചു. കുട്ടികളും രക്ഷിതാക്കളും

നാട്ടുകാരും തൃപ്തരാണ്. തൃപ്തിയില്ലാത്തത് നല്ല എഗ്രിമെന്റായതുകൊണ്ട് പ്രതിപക്ഷത്തിന് മാത്രമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഇവിടെ കാര്യങ്ങൾ അറിയാതെയല്ല സംസാരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 25% കുട്ടികൾക്ക് 25,000/- രൂപയ്ക്ക് ഗവൺമെന്റ് സീറ്റിൽ പഠിക്കാമായിരുന്നു. ഇതാർക്കുവേണ്ടിയാണ് 5% വെട്ടിക്കുറച്ച് 20% ആക്കിയത് എന്നാണ് എന്റെ ചോദ്യം. കാര്യങ്ങൾ അറിയാതെയല്ല ഇവിടെ സംസാരിച്ചത്. മന്ത്രി അങ്ങനെ പറയാൻ പാടില്ലായിരുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാനതിന് ഉത്തരം പറയാം. 25% എന്നുപറയുന്ന കണക്ക് മേശപ്പുറത്ത് വയ്ക്കാൻ പറയണം. സാധാരണ വരുന്ന 50% മെറിറ്റ് സീറ്റിലെ 20%കുട്ടികൾക്കാണ് ഫീസിളവുള്ളത്. അതിൽ 6% ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും ബാക്കി എസ്.ഇ.ബി.സി.യുമാണ്. കഴിഞ്ഞ തവണത്തെ അതേ രീതിയിലാണ് ഇത്തവണയും വന്നിട്ടുള്ളത്. അതിനൊരു മാറ്റവുമുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ കരാർ കഴിഞ്ഞപ്പോൾ സ്വാശ്രയ മെഡിക്കൽ കോളേജിൽ നീറ്റ് മെറിറ്റിൽവരുന്ന ... (ബഹളം)..

മി. സ്പീക്കർ: ചോദ്യം ചോദിക്കാൻ ചെയർ അദ്ദേഹത്തെ

അനുവദിച്ചതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ കരാർ കഴിഞ്ഞതിനുശേഷം നീറ്റ് മെറിറ്റിൽനിന്ന് ഒരു വിദ്യാർത്ഥിക്ക് മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ 55 ലക്ഷം രൂപയും തലവരിപ്പണവും, എൻ.ആർ.ഐ. സീറ്റിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ 75 ലക്ഷം രൂപയും തലവരിപ്പണവും നൽകണം. ഈ ഗവൺമെന്റിന്റെ കരാർ കഴിഞ്ഞതോടുകൂടി കേരളത്തിലെ എം.ബി.ബി.എസ്സ്. സീറ്റിന്റെ വില ഒരു കോടി പത്ത് ലക്ഷം രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അതാണ് പ്രശ്നം. ഇപ്പോൾ അടച്ചുപൂട്ടിയ കാഷ്യൂ കമ്പനി ഉടമകൾ, ബാർ മുതലാളിമാർ എന്നിവർ കേരളത്തിൽ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ പോകുകയാണ്. ... (ബഹളം)...

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ ഏറ്റവും വലിയ വ്യവസായമായി ഈ മെഡിക്കൽ വിദ്യാഭ്യാസത്തെ അധഃപതിപ്പിക്കുകയല്ലേ നിങ്ങൾ ഈ കരാറിലൂടെ ചെയ്തത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തലവരിപ്പണമൊക്കെ വാങ്ങുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കഥയാണ്. ഞങ്ങൾ ഉണ്ടാക്കിയിട്ടുള്ള

എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ തലവരിപ്പണം വാങ്ങാനുള്ള യാതൊരു വ്യവസ്ഥയുമില്ല. വളരെ വ്യക്തമായ ഫീസ് ഘടന നിശ്ചയിച്ച് ആ ഫീസിൽനിന്ന് അധികംരൂപ വാങ്ങാനുള്ള ഒരു വ്യസ്ഥയും ഇതിനകത്തില്ല. മാത്രമല്ല... (ബഹളം)

<u>മി. സ്പീക്കർ:</u> ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. ഹൈബി ഈഡൻ ദയവായി സീറ്റിലിരിക്കൂ. പ്ലീസ്.. (ബഹളം)

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കഴിഞ്ഞതവണ ജയിംസ് കമ്മിറ്റിക്കുപോലും ആവശ്യമായ സപ്പോർട്ട്... (ബഹളം) ചോദ്യം ചോദിച്ചാൽപ്പോരാ മറുപടി കേൾക്കണം. നിങ്ങൾ ചോദ്യം ചോദിക്കുമ്പോൾ ഞാൻ സംസാരിക്കാതിരുന്നു. ഞാൻ മറുപടി പറയുമ്പോൾ നിങ്ങളും സംസാരിക്കാതിരിക്കണം.

<u>മി. സ്പീക്കർ:</u> മിനിസ്റ്റർ, കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ജയിംസ് കമ്മിറ്റിക്കുപ്പോലും ആവശ്യമായ സപ്പോർട്ട് ഗവൺമെന്റിൽനിന്നും ലഭിക്കുന്നില്ലായെന്നൊരു പരാതി ഉയർന്നിരുന്നു. അതിന്റെ ഭാഗമായി നടപടി എടുക്കാൻ സാധിച്ചില്ല. അലോട്ട്മെന്റിന്റെ സമയത്തുണ്ടായ ചെറിയ പരാതികളടക്കം പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് ശക്തമായ നടപടി

സ്വീകരിച്ചിട്ടുണ്ട്. തലവരിപ്പണം ആരെങ്കിലും വാങ്ങിയിട്ടുണ്ടെങ്കിൽ ശക്തമായ നടപടിയുണ്ടാകും. എന്നാൽ തലവരിപ്പണമായി കോടിക്കണക്കിന് രൂപ വാങ്ങിയിട്ടും ഒരു നടപടിയുമില്ലാതെ കഴിഞ്ഞ അഞ്ച് വർഷക്കാലം കുട്ടികൾ വലഞ്ഞ അവസ്ഥയാണുണ്ടായിരുന്നത്.